# തിരുഹൃദയ മാസിക
## (The Sacred Heart Monthly)

**Vol. 79**
**2014 November**

79
Years of
Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലർ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വിൻസന്റ് ഡി പോൾ
- വിശ്വാസപരിശീലന കമ്മീഷൻ
- വൊക്കേഷൻ കമ്മീഷൻ
- വിൻസന്റ് ഡി പോൾ
- ലീജിയൻ ഓഫ് മേരി
- ചെറുപുഷ്പ മിഷൻ ലീഗ്
- കെ. സി. വൈ. എൽ.
- കോട്ടയം സോഷ്യൽ
  സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ
  സർവ്വീസ് സൊസൈറ്റി
- പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ

## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Prot. No. 1836/2014

## സർക്കുലർ

**സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 30 വരെ നമ്മുടെ സഭാകാര്യാലയമായ കാക്കനാട് സെന്റ് തോമസിൽ നടന്ന 22-ാം സീറോമലബാർ സിനഡിന്റെ രണ്ടാം സമ്മേളനത്തെ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ നിങ്ങളെല്ലാവരെയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആകെ 43 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. പ്രഥമദിവസം പിതാക്കന്മാർ ഒരുമിച്ച് പ്രാർത്ഥിച്ചും ധ്യാനിച്ചും വി. കുർബാനയർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിന്റെ ഔദ്യോഗിക പ്രവർത്തനങ്ങളിലേക്കു പ്രവേശിച്ചത്.

സിനഡിന്റെ കഴിഞ്ഞ ജനുവരിയിലെ സമ്മേളനത്തിനുശേഷം നടന്ന ചില പ്രധാന സംഭവങ്ങൾ അനുസ്മരിച്ചു കൊണ്ടാണ് പുതിയ വിഷയങ്ങളിലേക്കു കടന്നത്. അവയിൽ ഒന്നാണ് കഴിഞ്ഞ ഫെബ്രുവരിയിൽ പാലായിൽവച്ചു നടന്ന ഭാരതകത്തോലിക്കാ മെത്രാന്മാരുടെ ദ്വൈവാർഷിക പൊതുസമ്മേളനം. ഏറെ പ്രശംസനീയമായ രീതിയിൽ ഈ സമ്മേളനത്തിന് ആതിഥ്യം വഹിക്കാൻ പാലാ രൂപതയ്ക്കു കഴിഞ്ഞു എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ.

വത്തിക്കാനിൽ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫക്ടായിരുന്ന കർദ്ദിനാൾ ലൂർദ്ദുസാമി നിത്യവസതിയിലേക്കു വിളിക്കപ്പെട്ടു എന്നതാണ് മറ്റൊരു സംഭവം. സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ ഒരു കാലഘട്ടത്തിലാണ് ആദ്ദേഹം സുപ്രധാനമായ ഈ ചുമതല വഹിച്ചത്. അദ്ദേഹത്തിന്റെ വിലപ്പെട്ട ശുശ്രൂഷയെ നമുക്ക് നന്ദിയോടെ ഓർക്കുകയും വന്ദ്യപിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ മെത്രാന്മാർ ഉണ്ടായിരിക്കുന്നു എന്നതാണ് മറ്റൊരു പ്രധാന സംഭവം. പ്രഥമ സീറോമലബാർ മിഷൻ രൂപതയായ ചാന്ദായുടെ ഇടയൻ അഭിവന്ദ്യ വിജയാനന്ദ് നെടുമ്പുറം C.M.I. സഭാനിയമപ്രകാരം വിരമിക്കുകയും തൽസ്ഥാനത്തേക്ക് അഭിവന്ദ്യ എഫ്രേം നരികുളം നിയമിക്കപ്പെടുകയും ചെയ്തു. കൂടാതെ, അമേരിക്കയിലെ ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായി അഭിവന്ദ്യ ജോയ് ആലപ്പാട്ടും നിയമിക്കപ്പെട്ടിരിക്കുന്നു. ഇരുവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യാം.

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലിത്ത മാർ ജോർജ്ജ് വലിയമറ്റം പിതാവ് സഭാനിയമപ്രകാരം മേൽപ്പട്ട ശുശ്രൂഷയിൽ നിന്ന് വിരമിക്കുകയും തൽസ്ഥാനത്ത് മണ്ഡ്യാരൂപതയുടെ മെത്രാനായിരുന്ന മാർ ജോർജ്ജ് ഞരളക്കാട്ട് നിയമിതനാവുകയും ചെയ്തു. വലിയമറ്റം പിതാവിന്റെ സഭാശുശ്രൂഷയെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. ഞരളക്കാട്ടു പിതാവിനു പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യാം. സത്നാ രൂപതാദ്ധ്യക്ഷൻ മാർ മാത്യു വാണിയക്കിഴക്കേൽ ആരോഗ്യപരമായ കാരണങ്ങളാൽ രൂപതാദ്ധ്യക്ഷസ്ഥാനത്തു നിന്നു വിരമിച്ചിരിക്കുന്നു. പിതാവിന്റെ ആരോഗ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**റോമിൽ ഒരു ഓഫീസ്** (procura)

നമ്മുടെ സഭാസംബന്ധമായ കാര്യങ്ങൾക്ക് ആവശ്യാനുസരണം വത്തിക്കാനുമായി ബന്ധപ്പെടുന്നതിന് സൗകര്യപ്രദമായ ഒരു ഓഫീസ് സംവിധാനം (procura) റോമിൽ സജ്ജമായി വരികയാണ്. അതിനുള്ള സ്ഥലവും കെട്ടിടവും സ്വന്തമാക്കുന്നതിനു നല്ലൊരു തുക നൽകേണ്ടതുണ്ട്. ഈ തുക സമാഹരിക്കുന്നതിനു രൂപതകളും മറ്റു ഉപകാരികളും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതു സംബന്ധിച്ചുള്ള വിവരങ്ങൾ നേരത്തേ അറിയിച്ചിട്ടുള്ളതാണ്.

**മതപീഡനം**

ഇറാക്ക്, സിറിയ തുടങ്ങിയ പശ്ചിമേഷ്യൻ പ്രദേശങ്ങളിൽ ക്രൈസ്തവർക്കും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കുമെതിരായി കഠിനമായ പീഡനങ്ങളാണ് അരങ്ങേറുന്നത്. നിരപരാധികൾ മതത്തിന്റെ പേരിലും മറ്റും നിഷ്ഠൂരമായി വധിക്കപ്പെടുകയും എല്ലാം ഉപേക്ഷിച്ച് സ്വന്തം നാട്ടിൽനിന്ന് പലായനം ചെയ്യേണ്ടിവരികയും അല്ലെങ്കിൽ മതപരിവർത്തനത്തിന് നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന ദാരുണമായ അവസ്ഥയാണുള്ളത്. ഒരുകൂട്ടം ഭീകരപ്രവർത്തകരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതിനെതിരെ ലോകമനസ്സാക്ഷി ഉണരേണ്ടതുണ്ട്.പീഡകരുടെ മാനസാന്തരത്തിനും ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു

നിൽക്കാനുമുള്ള ദൈവകൃപക്കായി എല്ലാവരും പ്രാർത്ഥിക്കണമെന്നും സാധ്യമായ എല്ലാ പിന്തുണയും ഈ പീഡിതസമൂഹത്തിനു നൽകണ മെന്നും ഞാനഭ്യർത്ഥിക്കുന്നു. ബാഗ്ദാദിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസിനെ സന്ദർശിച്ച് നമ്മുടെ സഭയുടെ പ്രാർത്ഥനയും ഐക്യദാർഢ്യവും അറിയിക്കുന്നതിന് മെത്രാന്മാരുടെ ഒരു ഡലഗേഷൻ പോകുവാൻ സിനഡ് നിശ്ചയിച്ച കാര്യവും അറിയിക്കുന്നു.

**പ്രവാസികളുടെ അജപാലനം**

സീറോമലബാർ സഭയുടെ അധികാരപരിധിക്കു പുറത്ത് ഇന്ത്യയിലും മറ്റു വിദേശരാജ്യങ്ങളിലും വസിക്കുന്ന നമ്മുടെ സഭാമക്കളുടെ അജ പാലനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പരിശ്രമങ്ങൾ തുടരുന്നു.പ്രത്യേകിച്ച് അറബ് രാജ്യ ങ്ങളിൽ സീറോമലബാർ സഭാംഗങ്ങളുടെ അജപാലനത്തിനായുള്ള സംവിധാനങ്ങൾ വേഗത്തിൽ സാധിതമാക്കണമെന്ന് അഭ്യർത്ഥി ച്ചുകൊണ്ട് സിനഡ് പിതാക്കന്മാർ ഒപ്പിട്ട എഴുത്ത് മാർപാപ്പയ്ക്ക് അയ ച്ചുകൊടുക്കുകയുണ്ടായി. ഇന്ത്യയിലും വിദേശത്തുമുള്ള പല ക്രൈസ്തവ സമൂഹങ്ങളെയും ഞാൻ നേരിട്ടു സന്ദർശിക്കുകയുണ്ടാ യി. ഇക്കാര്യത്തിനായി പ്രവാസികൾക്കും സുവിശേഷവത്കരണത്തിനും വേണ്ടിയുള്ള സിനഡിന്റെ കമ്മീഷനും അപ്പസ്തോലിക് വിസിറ്ററും ഉത്സാ ഹത്തോടെ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പരിശ്രമങ്ങൾ വിജയിക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നു. ആസ്ട്രേലിയായിൽ നമുക്കു ലഭിച്ച മെൽബൺ രൂപത ആരംഭദശയിലാണെങ്കിലും എല്ലാവരുടെയും സഹകരണത്തോടെ വളർച്ചയുടെ പാതയിലാണ്. ദൈവത്തിനു നമുക്കു നന്ദി പറയാം.

**മിഷൻ ഫണ്ട്**

നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായും മറ്റും സഹായിച്ചു പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ചിരിക്കുന്ന ASSM എന്ന പ്രസ്ഥാനത്തിന് ഇതിനോടകം വളരെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തേ അറിയിച്ചിട്ടുള്ളതുപോലെ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കാൻ തയ്യാറായാൽ നമുക്ക് ഏറെക്കാര്യങ്ങൾ ചെയ്യാൻ സാധിക്കും. മിഷൻ രൂപതകൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും അത് വലിയ ഉത്തേജനമായിരിക്കും.ദനഹാ കഴി ഞ്ഞുള്ള ഞായറാഴ്ച സീറോമലബാർ മിഷൻ സൺഡേയായി ആചരിച്ച് സംഭരിക്കുന്ന സംഭാവനകൾ മിഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾക്കായി കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് സിനഡ് തീരുമാ

നിക്കുകയുണ്ടായി.ഇക്കാര്യത്തിൽ നിങ്ങളെല്ലാവരുടെയും ഉദാരമായ സഹകരണം ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. ഇതുവരെ മിഷൻഫണ്ട് ചെയർമാനായി സേവനം ചെയ്തുവന്ന അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനുപകരമായി അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ചാർജ് എടുത്തിരിക്കുകയാണ്. മിഷൻഫണ്ട് സ്ഥാപിക്കാൻ പ്രചോദനമായിരുന്ന കരോട്ടെമ്പ്രേൽ പിതാവിനെ കൃതജ്ഞതയോടെ സമ്മേളനം അനുസ്മരിച്ചു.

**ദൈവവിളിയും പരിശീലനവും**

സഭയിൽ ദൈവവിളികളുടെ പ്രോത്സാഹനം, വൈദികാർ ത്ഥികളുടെ പരിശീലനം എന്നിവ സിനഡ് ഗൗരവപൂർവ്വം ചർച്ച ചെയ്തു. സന്ന്യാസ സമർപ്പിത ദൈവവിളികളും അതോടൊപ്പം സന്യസ്ത സഹോദരന്മാരുടെ ദൈവവിളികളും പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്നവർക്ക് ശരിയായ പരിശീലനത്തിനാവശ്യമായ സഹായങ്ങളും മാർഗദർശനവും നൽകുന്നതിന് സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് സിനഡ് ഒരു ദൈവവിളി കമ്മീഷന് രൂപം കൊടുത്തു കഴിഞ്ഞു. നമ്മുടെ സഭയിലെ മേജർ സെമിനാരികളിൽ വൈദികാർത്ഥികൾക്കു നൽകപ്പെടുന്ന പരിശീലനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് സിനഡ് ചർച്ച ചെയ്യുകയും തുടർനടപടികൾ ഫലപ്രദമായി നടത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തു. സീറോ മലബാർ സഭയുടെ മിഷൻ സെമിനാരിയായി സത്നായിലെ സെന്റ് എഫ്രേംസ് മേജർ സെമിനാരിയെ സിനഡ് അംഗീകരിച്ചിരിക്കുന്ന കാര്യം അറിഞ്ഞിരിക്കുമല്ലോ. അവിടെ നല്ല രീതിയിൽ മിഷനറി ഫോർമേഷൻ കൊടുക്കാൻ പരിശ്രമിക്കുന്നു. സഭയിൽ പ്രേഷിതചൈതന്യം വളർത്താൻ അത് സഹായകരമാകും.

**സമർപ്പിതരുടെ വർഷം**

അടുത്ത വർഷം സമർപ്പിതരുടെ വർഷമായി ആചരിക്കാൻ കത്തോലിക്കാസഭ നിശ്ചയിച്ചിരിക്കുകയാണ്. സമർപ്പിതവർഷാചരണത്തെക്കുറിച്ചും സമർപ്പിത ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സുമായി സിനഡിന്റെ പ്രത്യേക സമ്മേളനം നടത്തുകയുണ്ടായി. മറ്റു വ്യക്തിസഭകളിൽ സേവനം ചെയ്യുന്ന സന്ന്യാസസമൂഹങ്ങളുടെ പ്രവർത്തനത്തിനു വേണ്ട മാർഗ്ഗ നിർദ്ദേശം നല്കുന്നതിനായുള്ള മാർഗ്ഗരേഖ സിനഡ് അംഗീകരിക്കുകയുണ്ടായി.

സമർപ്പിതവർഷാചരണത്തിന്റെ ആരംഭത്തിൽത്തന്നെ നമ്മുടെ സഭയിലെ രണ്ടു സന്ന്യസ്തരുടെ വിശുദ്ധപദവി പ്രഖ്യാപനം നടക്കുന്നു എന്നത് നമുക്ക് അഭിമാനവും സന്തോഷവും നൽകുന്ന കാര്യമാണ്. നവംബർ 23-ന് വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് അച്ചനും എവുപ്രാസ്യാമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നതിൽ നമുക്ക് ദൈവത്തോട് നന്ദി പറയാം. അതോടനുബന്ധിച്ചു നടത്തുന്ന പ്രധാന പൊതുപരിപാടികളിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകുമെന്നും അവ എല്ലാവരുടെയും ആത്മീയവളർച്ചക്ക് സഹായകമാകുമെന്നും കരുതുന്നു. പുണ്യചരിതനായ ഫോർത്തുണാത്തൂസ് താൻഹോയ്സർ എന്ന സന്യാസസഹോദരന്റെ നാമകരണനടപടി ആരംഭിക്കുന്നതിന് സിനഡ് അനുകൂലമായ തീരുമാനം എടുത്തു. കാഞ്ഞിരപ്പള്ളിയിലെ കട്ടപ്പന പ്രദേശമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യപ്രേഷിതരംഗം.

**സിനഡ് ചർച്ച ചെയ്ത മറ്റു ചില വിഷയങ്ങൾ താഴെ പറയുന്നവയാണ്.**

**സീറോ മലബാർ യൂത്ത് മൂവ്മെന്റ്**

ലത്തീൻ സഭയ്ക്കും സീറോ മലങ്കര സഭയ്ക്കും പ്രത്യേകം പ്രത്യേകം യുവജനപ്രസ്ഥാനങ്ങളുള്ളതുപോലെ നമ്മുടെ സഭയിലും സീറോ മലബാർ യൂത്ത് മൂവ്മെന്റ് എന്ന പേരിൽ യുവജനപ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നു. അതിന്റെ ഉദ്ഘാടനം ആഗസ്റ്റ് 30 ന് മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. പുതിയ നിയമാവലിക്കനുസരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എല്ലാ രൂപതകളും പരിശ്രമിക്കുമല്ലോ.വളരെ സജീവമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ജീസസ് യൂത്ത്. അവർ മാതൃസഭയോടു ചേർന്നു പ്രവർത്തിക്കാനും സഭയ്ക്കു ചേർന്ന വിധം വിശ്വാസപരിശീലനം ആർജ്ജിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട്.

**കത്തോലിക്കാ കോൺഗ്രസ്**

കത്തോലിക്കാ കോൺഗ്രസ് സീറോ മലബാർ സഭയിൽ ശക്തി പ്രാപിച്ചു വരികയാണ്. രൂപതാതലത്തിൽ ഈ സംഘടനയെ വളർത്തിയെടുക്കാൻ എല്ലാവരും ഒന്നുചേർന്നു പ്രവർത്തിക്കണം. നമ്മുടെ സഭയിലെ പ്രായപൂർത്തിയായ എല്ലാ അത്മായരെയും ഏകോപിപ്പിക്കുന്ന ഒരു സംഘടനയായി വിഭാഗീയതകൾക്ക് അടിമപ്പെടാതെ കത്തോലിക്കാ കോൺഗ്രസ് ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. സഭാതലത്തിൽ അടുത്ത കാലത്തു പ്രവർത്തനമാരംഭിച്ച വനിതാ ഫോറം വളർന്നു വരുന്നതിൽ സന്തോഷമുണ്ട്.

**കുടുംബകൂട്ടായ്മകൾ**

കുടുംബകൂട്ടായ്മകൾക്ക് അജപാലനശുശ്രൂഷയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എകോപിപ്പിക്കുന്നതിനും സഹായകരമായ ഒരു മാർഗരേഖക്ക് രൂപം കൊടുത്തു വരുന്നു.

**സംരക്ഷണകേന്ദ്രങ്ങൾ**

ജീവകാരുണ്യ പ്രവർത്തന രംഗത്ത് നമ്മുടെ സഭ മുൻപന്തിയിൽ ത്തന്നെയാണ്. അഗതികൾ, പരസഹായം ആവശ്യമുള്ള വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ ന്യൂനതകളുള്ളവർ, അനാഥർ തുടങ്ങിയ സഹോദരങ്ങൾക്ക് സാധ്യമായ ശുശ്രൂഷകളും സംരക്ഷണവും നൽകുന്നതിനുള്ള ധാരാളം ഭവനങ്ങളും കേന്ദ്രങ്ങളും സീറോ മലബാർ സഭയിലുണ്ട് . വൈദികരും സന്ന്യസ്തരും അത്മായ സഹോദരങ്ങളും ഇക്കാര്യത്തിൽ വളരെ താൽപര്യത്തോടെ പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പ് എല്ലാക്കാര്യങ്ങളിലും നിയമാനുസൃതമായിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിദ്യാഭ്യാസരംഗം**

സഭയുടെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസരംഗം അതിപ്രധാനമാണ്. സഭയുടെ പ്രബോധനദൗത്യത്തിൽ പങ്കുചേരുന്നവരാണ് അദ്ധ്യാപകർ. അവരുടെ ശുശ്രൂഷ വിലപ്പെട്ടതാണ്. ഭൗതികവിദ്യാഭ്യാസ കാര്യത്തിൽ മികവു പുലർത്തുന്നതോടൊപ്പം കുട്ടികളുടെ ധാർമ്മികവും മൂല്യാധിഷ്ഠിതവുമായ ജീവിതത്തിന് അടിത്തറ പാകാനും അദ്ധ്യാപകർ ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ സഭയ്ക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അദ്ധ്യാപകർ സഭയുടെ ദർശനം ഉൾക്കൊണ്ട് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**സഭൈക്യ പ്രവർത്തനങ്ങൾ**

സഭൈക്യ പ്രവർത്തനങ്ങൾ സജീവമാക്കാനും മതാന്തര ബന്ധങ്ങളിലൂടെ മതസൗഹാർദ്ദം വളർത്താനും നാം പരിശ്രമിക്കണം. സഭൈക്യസംബന്ധമായ വിഷയങ്ങളിൽ ആവശ്യമായ അറിവും പരിശീലനവും വൈദികവിദ്യാർത്ഥികൾക്ക് നൽകാൻ ശ്രദ്ധിക്കണം.സഭൈക്യ പ്രവർത്തനങ്ങൾ സജീവമാക്കാനും മതാന്തര ബന്ധങ്ങളിലൂടെ മതസൗഹാർദ്ദം വളർത്താനും നാം പരിശ്രമിക്കണം. സഭൈക്യസംബന്ധമായ വിഷയങ്ങളിൽ ആവശ്യമായ അറിവും പരിശീലനവും വൈദികവിദ്യാർത്ഥികൾക്ക് നൽകാൻ ശ്രദ്ധിക്കണം.

കേരളസർക്കാരിന്റെ മദ്യനയത്തെ സഭ പിന്തുണക്കുന്നു. ഒരു മദ്യവിമുക്ത സമൂഹമാണ് നമ്മുടെ ലക്ഷ്യം. ഈ വിഷയത്തിൽ ബോധവത്കരണവും നിരന്തരമായ ജാഗ്രതയും ആവശ്യമാണ്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും വ്യാപകവുമാക്കി ലഹരിരഹിതസമൂഹത്തെ രൂപപ്പെടുത്താൻ നമുക്ക് ശ്രമിക്കാം.

മറ്റു ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. സീറോ മലബാർ സഭയെ സംബന്ധിച്ച മനോഹരമായ ഒരു ഡോക്യുമെന്ററി ഫിലിം മാർഗം എന്ന പേരിൽ നിർമ്മിച്ചിരിക്കുന്നു. അതിന് പ്രചാരം നൽകുന്നത് നന്നായിരിക്കും. മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 ാം വാർഷികാഘോഷത്തോടനു ബന്ധിച്ചുള്ള കർമ്മപരിപാടികളുടെ ഭാഗമായി ആഗസ്ററ് 23 ന് മെത്രാന്മാർ സപ്തദൈവാലയങ്ങളിലൊന്നായ പറവൂർ, കോട്ടക്കാവ് പള്ളിയിലേക്ക് തീർത്ഥാടനം നടത്തുകയുണ്ടായി. മെത്രാന്മാരുടെ ഭൗതിക ശരീരം ഇനിമുതൽ ദൈവാലയത്തിലെ മദ്ബഹയിൽ അടക്കേണ്ടതില്ല എന്ന് സിനഡ് തീരുമാനിക്കുകയുണ്ടായി.

ക്നാനായ സമൂഹത്തിന്റെ ആശങ്കകളെയും ആവശ്യങ്ങളെയും കുറിച്ച് സമ്മേളനം ചർച്ച ചെയ്യുകയും വിശദമായ പഠനത്തിനായി ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം 30 -ാം തീയതി ഉച്ചയ്ക്ക് 12.30 മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം
മാർ ജോർജ് കാർഡിനൽ ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014-ാം ആണ്ട് ഒക്ടോബർ 10 -ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതുരൂപത/അതിരൂപതകളിലെ വൈദികരുടേയും സന്യസ്ഥരുടേയും അത്മായ സഹോദരങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

# തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| നവംബർ | 8 | യുവജന കൂട്ടായ്മ |
| | 9 – 14 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>(ഫാ. ജിബിൽ കുഴിവേലിൽ,<br>ബ്ര. തോമസ് കുര്യൻ & ടീം) |
| | 8 – 9 | പഠനാനുഭവ ധ്യാനം |
| | 15 – 16 | പഠനാനുഭവ ധ്യാനം |
| | 16 – 20 | മരിയൻ ദിവ്യകാരുണ്യാനുഭവ ധ്യാനം |
| | 22 – 23 | പഠനാനുഭവ ധ്യാനം |
| | 23 – 27 | ആന്തരീക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |
| ഡിസംബർ | 5,12,19 | ജാഗരണ പ്രാർത്ഥന |

# CHAITHANYA PROGRAMME
## November 2014

| Date | Programme |
|---|---|
| 3-8 | JalanidhiTraining |
| 4 | KSSS ñ CBR staff training |
| 6 | KSSS staff training |
| 6-8 | Pre marriage course |
| 8 | KSSS Mushroom Training |
| 8 | KSSS Beautician Training |
| 8 | KSSS Jewellery Making Training |
| 8 | KSSS Candle Making Training |
| 9 | KSSS- CBR Medical camp |
| 11-12 | Priests Batch Gathering |
| 11 | KSSS- Coordinators meeting |
| 15 | KSSS ñ CBR staff training |
| 15-16 | Holy Childhood Camp |
| 17-18 | Priests Batch Gathering |
| 18 | KSSS- Coordinators meeting |
| 21 | KSSS staff training |
| 26-30 | Karshikamela |

# ബൈബിൾ കമ്മീഷൻ

## സമ്പൂർണ്ണ ബൈബിൾ രചന നവംബർ 6 ന്

വചനം അനുഭവമാക്കാൻ ഉഴവൂർ പള്ളിയുമായി സഹകരിച്ചു സമ്പൂർണ്ണ ബൈബിളിന്റെ കൈയെഴുത്തുപ്രതി തയ്യാറാക്കുന്നു. 1100 പേർ പ്രാർത്ഥിച്ചു ഒരുങ്ങി ഒരു മണിക്കൂർ കൊണ്ടു സമ്പൂർണ്ണ ബൈബിൾ എഴുതും നവംബർ 6–ാം തീയതി 2.30 pm - 4.30 pm ആരാധന, 4.45 ബൈബിൾ പ്രതിഷ്ഠ ഏവരുടേയും പ്രാർത്ഥനയും സാന്നിധ്യവും ആവശ്യമാണ്.

## ബൈബിൾ കലോത്സവം

അതിരൂപത ബൈബിൾ കലോത്സവം നവംബർ 8 ന് രാവിലെ 9 മണിക്കു അഭി. മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് 9 സ്റ്റേജുകളിലായി മൂന്നു വിഭാഗങ്ങളിലെ 30 ഇന മത്സരങ്ങൾ നടക്കും. ഉഴവൂർ ഇടവക വിപുലമായ ഒരുക്കങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കുന്നവർ രാവിലെ 8.30 നു പേരു രജിസ്റ്റർ ചെയ്തു സാമഗ്രികൾ കൈപ്പറ്റേണ്ടതാണ്.

## ലോഗോസ് ക്വിസ് 2014 വിജയികൾ

ലോഗോസ് ക്വിസ് 2014ന്റെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തുകയാണ്. 1 മുതൽ 5 വരെ സ്ഥാനങ്ങൾ ലഭിച്ചവരുടെ പേരുവിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്. ഇടവകകളിൽ നിന്നുതന്നെ മാർക്കുകൾ ഓൺലൈനിൽ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. മുഴുവൻ മത്സരാർത്ഥികളുടെയും മാർക്ക്‌ലിസ്റ്റ് ഇതോടൊപ്പം അയയ്ക്കുന്നു. സമ്മാനങ്ങൾ ബൈബിൾ കലോത്സവദിനത്തിൽ ഉഴവൂരിൽ വച്ച് നൽകുന്നതാണ്. ഇടവകതലത്തിലുള്ള സമ്മാനങ്ങൾ പി.ഒ.സി.യിൽ നിന്നും ലഭിക്കുന്നതനുസരിച്ച് നൽകും.

### എ വിഭാഗം

| | |
|---|---|
| 1–ാം സമ്മാനം | മിഥില ലൂക്കോസ് പള്ളിക്കര, പെരിക്കല്ലൂർ - 83 മാർക്ക് |
| 2–ാം സമ്മാനം | ലീനസ് ലാൽസൺ പുത്തൻപുരയ്ക്കൽ, കട്ടച്ചിറ –79 മാർക്ക് |
| 3–ാം സമ്മാനം | ജെയിംസ് നിമ്മിച്ചൻ വടക്കുഞ്ചേരിൽ, മ്രാല –76 മാർക്ക് |

**4-ാം സമ്മാനം (ഏഴുപേർക്ക്)**

1. ഷോൺ നിമ്മിച്ചൻ വടക്കുഞ്ചേരിൽ മ്രാല, 2. ഡിയ മേരി ജെയിംസ് ചിറയിൽ കല്ലറ ന്യൂ, 3. ജോയൽ പി. റ്റി. പുത്തൻവേലിത്തടത്തിൽ കട്ടച്ചിറ, 4. അനീറ്റ ഒഴാങ്കൽ ചമതച്ചാൽ, 5. ആൻ ടെസിയ ജിം നീറിക്കാട്, 6. ആൽഫ്രഡ് ഷിബി മേക്കര പുതുശേരി, 7. ജിസ വി. സജി വടക്കേ ഉതിരക്കല്ലുങ്കൽ ഇടക്കോലി

**5-ാം സമ്മാനം**

1. അനീഷ ബെന്നി നരിക്കുഴി ചെറുകര, 2. സംഗീത മാത്യു കൈപ്പാറേട്ട് ഉഴവൂർ, 3. ജ്യോതിസ് സ്റ്റീഫൻ പാറയിൽ ഉഴവൂർ, 4. അലീഷ ജേക്കബ് കല്ലുപുരയ്ക്കൽ കടുത്തുരുത്തി, 5. ജോയൽ ബിജു ചാക്കോ തച്ചേരിൽ കൊട്ടോടി, 6. എമി ജയ്സൺ പുത്തൻകണ്ടത്തിൽ ശ്രീപുരം.

## ബി വിഭാഗം

| | |
|---|---|
| 1-ാം സമ്മാനം | ടോണി തോമസ് മത്തച്ചേരിൽ തിരുവനന്തപുരം - 91 മാർക്ക് |
| 2-ാം സമ്മാനം | ക്രിസ് ലൂക്കോസ് നടുവീട്ടിൽ ഉഴവൂർ - 90 മാർക്ക് |
| 3-ാം സമ്മാനം | അമലു സാജൻ കാഞ്ഞിരപ്പാറയിൽ തിരുവനന്തപുരം - 82 മാർക്ക് |

**4-ാം സമ്മാനം (ഏഴുപേർക്ക്)**

1. ഷാരോൺ കെ. ജോസഫ് കോച്ചാംകുന്നേൽ മറ്റക്കര, 2. മേഘ ലൂക്കോസ് പള്ളിക്കര പെരിക്കല്ലൂർ, 3. സോനു സൈമൺ തോട്ടുവേലിൽ ഞീഴൂർ, 4. ആഷ്ലി ജോൺ ആലപ്പാട്ട് ഞീഴൂർ, 5. സ്റ്റെഫി ഫെലിക്സ് പുളിക്കിയിൽ കൂടല്ലൂർ, 6. ഷാരോൺ തങ്കച്ചൻ ചെറുകര പയ്യാവൂർ, 7. ജാസ്മിൻ മേരി ജയിംസ് ചിറിൽ കല്ലറ ന്യൂ

**5-ാം സമ്മാനം (15 പേർക്ക്)**

1. ലൗലി ജോസഫ് പാറ്റിയാലിൽ കടുത്തുരുത്തി, 2. ബിൻസി ബിനോയി വിസിറ്റേഷൻ ജനറലേറ്റ്, 3. സ്റ്റെഫി സ്റ്റെനി ചെമ്പന്നിയിൽ പോത്തുകുഴി, 4. ടെൽസ ജോൺസൺ വലിയപറമ്പിൽ മാറിക, 5. ഷാരോൺ ലാൽ തെക്കേമലേമുണ്ടയ്ക്കൽ ഇടക്കോലി, 6. അനീഷ മരിയ ബേബി തെക്കുംപെരുമാലിൽ അമനകര, 7. ലീന തെരേസ ജോൺ തോപ്പിൽ പറമ്പഞ്ചേരിൽ, 8. ജോസ്മി സുനിൽ മ്യാലിൽ പോത്തുകുഴി, 9. ജ്വാല മരിയ സിറിയക് പൂവത്തുംമൂട്ടിൽ മടമ്പം, 10. അഞ്ജലി ജോൺ നെല്ലിക്കാട്ടിൽ ഇടക്കോലി, 11. ആൻമരിയ എം. എം. കൈപ്പുഴ, 12. അനു സ്റ്റീഫൻ കപ്പുകാലായിൽ പയ്യാവൂർ, 13. ജോമോൾ ജോയച്ചൻ വണ്ടംകുന്നേൽ പയസ്മൗ

ണ്ട്, 14. സ്റ്റീഫ് സ്റ്റെനി ചെമ്പന്നിയിൽ പോത്തുകുഴി, 15. എബിൻ സ്റ്റീവ് മാത്യു കിഴക്കേടത്ത് സംക്രാന്തി

## സി. വിഭാഗം

1–ാം സമ്മാനം ടോം ജിയോ ജെയിംസ് പുല്ലാട്ടുകാലായിൽ കൈപ്പുഴ – 86 മാർക്ക്

2–ാം സമ്മാനം ഡാലിയ അലക്സ് കുപ്പേനാനിക്കൽ ഉഴവൂർ – 85 മാർക്ക്

3–ാം സമ്മാനം ജോബിത ജോയി വിസിറ്റേഷൻ ജനറലേറ്റ് – 84 മാർക്ക്

**4–ാം സമ്മാനം (ഏഴുപേർക്ക്)**

1. ബിനിറ്റ് എബ്രാഹം തെരുവേൽ മ്രാല, 2. ആൻ ജൻജിൽ ജോൺ കരിങ്കുന്നം, 3. ജിസ്ന ജോസഫ് വിസിറ്റേഷൻ ജനറലേറ്റ്, 4. അനുമോൾ മാത്യു വിസിറ്റേഷൻ ജനറലേറ്റ്, 5. മെർലി ലൂക്കോസ് പള്ളിക്കര പെരിക്കല്ലൂർ, 6. റവ. സി. റോഷ്നി എസ്.വി.എം. ഇടയ്ക്കാട്ട്, 7. ബനിറ്റാ തോമസ് പഴയപുരയിൽ ഉഴവൂർ, 8. ഡന്നി അലക്സ് കുപ്പേനാനിക്കൽ ഉഴവൂർ

**5–ാം സമ്മാനം (15 പേർക്ക്)**

1. അനുമോൾ മാത്യു വിസിറ്റേഷൻ ജനറലേറ്റ് 2. നിഖിലാമോൾ ബെന്നി വിസിറ്റേഷൻ ജനറലേറ്റ് 3. ഷിൻസി ജോയി വിസിറ്റേഷൻ ജനറലേറ്റ് 4. അജിൻ ജോസ് മരുതനാടിയിൽ ചെറുകര 5. ജിനു സി. യു. വിസിറ്റേഷൻ ജനറലേറ്റ് 6. റീത്തു എൽസ ജോസഫ് സംക്രാന്തി 7. നിത്യാമോൾ എബ്രാഹം പൂക്കയം 8. നീതു പി. എസ്. വിസിറ്റേഷൻ ജനറലേറ്റ് 9. അനീഷ് എബ്രാഹം നെല്ലാനിക്കോട്ട് പറമ്പഞ്ചേരി 10. റവ. സി. ഉഷസ് എബ്രാഹം പറമ്പഞ്ചേരിൽ 11. അഞ്ജു എബ്രാഹം എസ്. ജെ.സി. 12. റീൻ ജോൺ മുണ്ടന്താനത്ത് ചൂട്ടുവേലി 13. ഫെലിക്സ് സ്റ്റീഫൻ ജോസഫ് പുതുക്കുളത്ത് ശ്രീപുരം 14. മിനിമോൾ റ്റി. പി. തൊഴുത്തുംകര മാലക്കല്ല് 15. അഖിൽ ജോയി വട്ടുപറമ്പിൽ പൂക്കയം

## ഡി വിഭാഗം

1–ാം സമ്മാനം ഷേർലി റ്റാജു പതിയിൽ പ്ലാച്ചേരിൽ നീണ്ടൂർ– 96 മാർക്ക്

2–ാം സമ്മാനം വിൻസി കുര്യൻ വാക്കേപ്പറമ്പിൽ കല്ലറ ന്യൂ– 93 മാർക്ക്

3–ാം സമ്മാനം ജയ്നമ്മ ഫിലിപ്പ് കൊച്ചുതോട്ടുങ്കൽ കട്ടപ്പന– 89 മാർക്ക്

**4–ാം സമ്മാനം (ഏഴുപേർക്ക്)**

1. സൗമിനി സൈമൺ തോട്ടുവേലിൽ നീണ്ടൂർ, 2. ആൻസി ജോയി ഇട്ടിപ്ലാക്കിൽ മാലക്കല്ല്, 3. ജയിംസ് മാമ്പുഴക്കര മാലക്കല്ല്, 4. ഷേർലി

ലൂക്കോസ് പള്ളിക്കര പെരുക്കല്ലൂർ, 5. അൽഫോൻസ് സൈമൺ തടത്തിൽ പാഴുത്തുരുത്ത്, 6. മിനി ടോമി വേലേടത്തിൽ കരിപ്പാടം, 7. മേരി ജയിംസ് ചിറയിൽ കല്ലറ ന്യൂ

**5–ാം സമ്മാനം (15 പേർക്ക്)**

1. ബിബില സജി നെഞ്ചുംതൊട്ടിയിൽ ഉഴവൂർ, 2. മിനി സജി ചിറയ്ക്കൽ ചുങ്കം, 3. ലൂസി സണ്ണി കിഴക്കനടിയിൽ പിറവം, 4. ജിഷാ ആൽബിൻ ചിറയത്ത് പുതുവേലിയിൽ, 5. ത്രേസ്യാമ്മ ഫിലിപ്പ് ആണ്ടൂർ നീണ്ടൂർ, 6. ലിബിയ ജോർജ് ചിറയിൽമ്യാലിൽ ചാമക്കാലാ, 7. ബിന്ദു ജേക്കബ് പന്നൂറയിൽ ശ്രീപുരം, 8. ഷിൻസി ജിമ്മിച്ചൻ വടക്കുംഞ്ചേരിൽ മ്രാല, 9. സെറാ ജോസ് നിരപ്പുകാട്ടിൽ പിറവം, 10. സണ്ണി വി. കെ. വാക്കേപ്പറമ്പിൽ കല്ലറ ന്യൂ, 11. ലാൽസൺ മാത്യു പുത്തൻപുരയ്ക്കൽ കട്ടച്ചിറ, 12. ബെറ്റി സുരേഷ് പടപ്പുരയ്ക്കൽ അറുനൂറ്റിമംഗലം, 13. ബിജി രാജു കളരിക്കൽ ഉഴവൂർ, 14. ബിജി ടോമി കുടിയിരുപ്പിൽ ഉഴവൂർ, 15. ദീപ്തി ബ്ലെസൺ ചിറയത്ത് പുതുവേലി

## ഇ വിഭാഗം

1–ാം സമ്മാനം മോളി എബ്രഹാം വെളിയത്ത് അമനകര – 93 മാർക്ക്
2–ാം സമ്മാനം ഡെയ്സി ജോർജ് തച്ചേരിൽ കല്ലറ ന്യൂ – 92 മാർക്ക്
3–ാം സമ്മാനം ബേബി ജോസ് മന്നാകുളത്തിൽ കുറുമുള്ളൂർ – 91 മാർക്ക്

**4–ാം സമ്മാനം (ഏഴുപേർക്ക്)**

1. ലൂക്കോസ് വി. കെ. വട്ടച്ചിറ കല്ലറ ന്യൂ, 2. ഡെയ്സി മാത്യു ഇൻഫന്റ് ഹൗസ് കുറുമുള്ളൂർ, 3. എൽസമ്മ ജോയി പടേട്ട് മടമ്പം, 4. ചിന്നമ്മ ജേക്കബ് വൃന്ദാവനം കല്ലറ ന്യൂ, 5. അന്നമ്മ അലക്സ് കുറുപ്പംപറമ്പിൽ കുമരകം, 6. മേരി ജോയി തെക്കേതിൽ മള്ളൂശ്ശേരി, 7. മേരി ജോസഫ് കറുകപ്പറമ്പിൽ ഉഴവൂർ

**5–ാം സമ്മാനം (15 പേർക്ക്)**

1. മോളി ജോയി കളപ്പുരയ്ക്കൽ കത്തീഡ്രൽ 2. റവ. സി. സബീന എസ്.ജെ.സി. നട്ടാശേരി, 3. ഗ്രേസി ജോസഫ് പുതുകുളത്തിൽ ശ്രീപുരം, 4. എൽസമ്മ എബ്രഹാം ആണ്ടൂർ നീണ്ടൂർ, 5. ആൻസി എസ്തപ്പാൻ കിരിങ്ങനാംതോട്ടത്തിൽ കുറുമുള്ളൂർ, 6. ബിന്ദു സാം വൈപ്പേൽ എറണാകുളം, 7. ത്രേസ്യാമ്മ സ്റ്റീഫൻ അസൈലം കൈപ്പുഴ, 8. റവ. സി. ലിസി എസ്.വി.എം. മാലക്കല്ല്, 9. ലൂസി ജോസഫ് കൈതമല ഞീഴൂർ, 10. റവ. സി. ജോസ്‌ലി എസ്.വി.എം. മള്ളൂശ്ശേരി, 11. ഗ്രേസി ഫിലിപ്പ് ചെറുകര

ഉഴവൂർ, 12. ആൻസി ടോമി വട്ടക്കാട്ട് പയസ് നഗർ, 13. മേരി ജോൺ മറ്റം പറമ്പിൽ കണ്ണങ്കര, 14. ആനീസ് മാത്യു ചുണ്ടക്കാലായിൽ അറുനൂറ്റിമം ഗലം, 15. റവ. സി. എമ്മാനുവേൽ പ്രകാശ് എസ്.വി.എം. ഒളശ്ശ

## എഫ് വിഭാഗം

1–ാം സമ്മാനം മേരി തോമസ് തോട്ടത്തിൽ നീണ്ടൂർ – 86 മാർക്ക്

2–ാം സമ്മാനം ഏലി ഇ.സി. പൂവത്തുംമൂട്ടിൽ മടമ്പം – 79 മാർക്ക്

3–ാം സമ്മാനം ജോസ് കുന്നത്തുതുണ്ടിയിൽ തുരുത്തിക്കാട് – 78 മാർക്ക്

**4–ാം സമ്മാനം (ഏഴു പേർക്ക്)**

1. റവ. സി. അട്ട്രാക്ട എസ്.വി.എം. കാരിത്താസ്, 2. മോളി ജേക്കബ് പാറയ്ക്കൽ എസ്.എച്ച്. മൗണ്ട്, 3. അന്നക്കുട്ടി കുര്യൻ കുഴിയംപറമ്പിൽ കുറുമുള്ളൂർ, 4. കുഞ്ഞമ്മ ജോസഫ് വല്ലവന്താനം തിരുവൻവണ്ടൂർ, 5. റവ. സി. ലിഗോരി കണ്ണങ്കര എസ്.വി.എം., 6. ലീലാമ്മ സ്റ്റീഫൻ കർത്ത നാൽ ഉഴവൂർ, 7. റവ. സി. ജൽത്രൂത് എസ്.ജെ.സി. ശ്രീപുരം

**5–ാം സമ്മാനം (15 പേർക്ക്)**

1. തങ്കമ്മ എബ്രഹാം പാഴൂർ തിരുവനന്തപുരം, 2. റവ. സി. മേരി നീണ്ടൂർ, 3. ലൂക്കോസ് മാത്യു മാക്കീൽ എസ്. എച്ച്. മൗണ്ട്, 4. റവ. സി. എത്സി റ്റോം എസ്.ജെ.സി. ചുള്ളിക്കര, 5. മാർഗരറ്റ് മാത്യു പ്ലാച്ചേരിൽ നീണ്ടൂർ 6. തങ്കമ്മ സ്റ്റീഫൻ ചൂഴിക്കുന്നേൽ അമനകര, 7. അച്ചാമ്മ തോമസ് മത്ത ശ്ശേരിൽ തിരുവനന്തപുരം 8. റവ. സി. കനീഷ്യസ് എസ്.വി.എം. വാര പ്പെട്ടി, 9. റവ. സി. മേരി മാഗി എസ്.വി.എം. പേരൂർ, 10. ഏലിയാമ്മ സ്റ്റീഫൻ കിഴക്കേടത്ത് സംക്രാന്തി, 11. അബ്രാഹം കെ. കെ. കിഴക്കേ ക്കര ഉഴവൂർ, 12. മാത്യു സി. കെ. ചുണ്ടക്കാലായിൽ അറുനൂറ്റിമംഗലം, 13. അന്നമ്മ മത്തായി ചുനയമാക്കീൽ കുറുപ്പന്തറ, 14. തങ്കമ്മ ചാണ്ടി കിഴക്കേവെളപ്പിൽ കുമരകം, 15. കുര്യൻ എം. എം. മുടീക്കുന്നേൽ ഉഴവൂർ ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്ത ഇടവകകൾ – ഉഴവൂർ 969, പുന്നത്തുറ 387, പെരിക്കല്ലൂർ 355.

**ഫാ. ജോർജ് പുതുപ്പറമ്പിൽ** (ചെയർമാൻ)

# വിശ്വാസ പരിശീലന കമ്മീഷൻ

2014 സെപ്റ്റംബർ 13 ന് വിശ്വാസ പരിശീലന കമ്മീഷൻ ഇട ക്കാട്ട് ഫൊറോനാ കൗൺസിൽ ചേരുകയുണ്ടായി.

സൺഡേ സ്കൂൾ വിശ്വാസ പരിശീലനത്തിന്റെ സ്റ്റാൻഡേർഡ്

1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ ഫസ്റ്റ് സെമസ്റ്റർ പരീക്ഷ 2014 ഒക്ടോബർ 12 ന് ഞായറാഴ്ച നടത്തുകയുണ്ടായി.

സ്റ്റാൻഡേർഡ് 1 മുതൽ 12 വരെ ക്ലാസുകൾക്ക് റെഗുലർ സ്കൂൾ, മോറൽ സയൻസ് ഫസ്റ്റ് സെമസ്റ്റർ പരീക്ഷ 2014 ഒക്ടോബർ 17 വെള്ളിയാഴ്ച നടന്നു.

2014 ഒക്ടോബർ 29 ന് വിശ്വാസപരിശീലന കമ്മീഷൻ മീറ്റിംഗ് നടന്നു.

## പരീക്ഷാ രജിസ്ട്രേഷൻ

പത്താം ക്ലാസിലെയും H.C.C. ന്റെയും വാർഷിക പരീക്ഷയുടെ പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം 2014 നവംബർ 15 ന് മുമ്പായി ഓഫീസിൽ എത്തിക്കുക.

## S.M.C. അവാർഡ് ക്യാമ്പ്

സീറോ മലബാർ വിശ്വാസ പരിശീലന കമ്മീഷൻ 12-ാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി ആരംഭിച്ച S.M.C. അവാർഡ് ക്യാമ്പ് 2014 ഡിസംബർ 26 മുതൽ 28 വരെ കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തുന്നു. പ്രസ്തുത ക്യാമ്പിലേക്ക് നമ്മുടെ അതിരൂപതയിൽ നിന്ന് 2 ആൺകുട്ടിയും 2 പെൺകുട്ടിയും പങ്കെടുക്കുന്നതാണ്. കാക്കനാട്ട് നടക്കുന്ന പ്രസ്തുത ക്യാമ്പിലേക്ക് 4 കുട്ടികളെ തെരഞ്ഞെടുക്കുന്ന സെലക്ഷൻ ക്യാമ്പ് 2014 ഡിസംബർ 13-ാം തീയതി ശനിയാഴ്ച ചൈതന്യയിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ നടത്തുന്നു. നമ്മുടെ ഇടവകകളിൽ 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തികൊണ്ടിരിക്കുന്ന മിടുക്കരായ ഒരു ആൺകുട്ടിയേയും ഒരു പെൺകുട്ടിയേയും ഡിസംബർ 13 ലെ ക്യാമ്പിലേക്ക് അയയ്ക്കേണ്ടതാണ്.

## വിശ്വാസ പരിശീലന ദിനം

2014 ഡിസംബർ 14 ന് ഞായറാഴ്ച നമ്മുടെ അതിരൂപത വിശ്വാസ പരിശീലന ദിനമായി ആചരിക്കുന്നു. ഫലപ്രദമായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് വിശ്വാസ പരിശീലന ദിന സ്തോത്രകാഴ്ച ഏറെ ഉപകരിക്കുന്നുണ്ട്. ഏവരുടെയും സഹകരണം ഉറപ്പാക്കണമെന്ന് ബഹു. വികാരിമാരെ ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് തറപ്പുതൊട്ടിയിൽ**

# വൊക്കേഷൻ കമ്മീഷൻ

## സ്പോൺസേഴ്സ് ഡേ & പേരന്റ്സ് ഡേ

അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശേരി പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ സെമിനാരിയൻസ് ഫണ്ടിലേക്കും മേജർ സെമിനാരിയൻസ് ഫണ്ടിലേക്കും സംഭാവന നൽകിയ എല്ലാവരുടെയും വൈദീക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെയും സംയുക്തസംഗമം 2014 നവംബർ 8-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശേരിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന വി. ബലിയോടെ സംഗമം ആരംഭിക്കും. തുടർന്ന് ചർച്ചകൾക്കും സ്നേഹവിരുന്നിനും ശേഷം രണ്ടുമണിയോടെ സംഗമം സമാപിക്കും.

### ഹോംഡേ

മൈനർ സെമിനാരി ഹോംഡെ ആഘോഷങ്ങൾ നവംബർ 8 ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ നടത്തപ്പെടുന്നു. അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ടും സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ എന്നിവർ മുഖ്യ അതിഥികളായിരിക്കും.

### മാസധ്യാനം

മൈനർ സെമിനാരി വൈദീക വിദ്യാർത്ഥികളുടെ നവംബർ മാസത്തിലെ മാസധ്യാനം നവംബർ 1-ാം തീയതി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. റവ. ഫാ. ബിബി തറയിൽ ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നതാണ്.

**ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ**
(ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ)

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

## വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷിച്ചു

കോട്ടയം സി.സി. യിൽ കൈപ്പുഴ എ.സി.യിൽപ്പെട്ട ഏറ്റുമാനൂർ സെന്റ് ജോസഫ് ഇടവകയിൽ പ്രവർത്തി ക്കുന്ന സെന്റ്

ജോസഫ്സ് കോൺഫറൻസിന്റെയും സെന്റ് ജോസഫ് വനിതാ കോൺഫറൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 27 ന് വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആചരിച്ചു. പ്രായാധിക്യമോ രോഗമോ മൂലം സാധാരണ ഗതിയിൽ പള്ളിയിൽ വരാൻ കഴിയാത്തവരെ സൊസൈറ്റി അംഗങ്ങൾ മുൻകൈ എടുത്ത് പള്ളിയിൽ കൊണ്ടുവന്ന് കുമ്പസാരത്തിന് അവസരം ഒരുക്കുകയും, 11 മണിക്ക് പ്രത്യേക ദിവ്യബലിയും അതിനോടനുബന്ധിച്ച് രോഗീലേപന ശുശ്രൂഷ നടത്തുകയും ചെയ്തു. സൊസൈറ്റി അംഗങ്ങൾ, കുടുംബാംഗങ്ങൾ, ദത്തു കുടുംബാംഗങ്ങൾ, സഹായാംഗങ്ങൾ, ഉപകാരികൾ എന്നിവരും പങ്കെടുത്ത തിരുക്കർമ്മങ്ങൾക്കുശേഷം എല്ലാവരും സ്നേഹവിരുന്നിൽ പങ്കുചേർന്നു. തുടർന്ന് മുതിർന്നവരേയും രോഗികളേയും അവരവരുടെ വീടുകലിൽ എത്തിച്ചും പരിപാടികൾക്ക് ആദ്ധ്യാത്മിക ഉപദേഷ്ടാവും വികാരിയുമായ ഫാ. മാത്യു കുഴിപ്പിള്ളിൽ ഇരു കോൺഫറൻസുകളുടെയും ഭാരവാഹികൾ മുതലായവർ നേതൃത്വം നൽകി.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വാർഷികം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സെൻട്രൽ കൗൺസിലിന്റെ 61–ാമത് വാർഷികം ഒക്ടോബർ 5–ാം തീയതി ഞായറാഴ്ച കോട്ടയത്ത് തെള്ളകം ചൈതന്യാ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. രാവിലെ 9.30 ന് ഫാ. അലക്സ് ആക്കപ്പറമ്പിൽ അർപ്പിച്ച ദിവ്യബലിയെ തുടർന്ന് പ്രസിഡന്റ് ബ്ര. കെ.ജെ. ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷികസമ്മേളനം കോട്ടയം അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളപ്പാനിയ്ക്കൽ ഉദ്ഘാടനം ചെയ്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരളാ റീജിയൺ കോ ഓർഡിനേറ്ററും പത്തനംതിട്ട സി.സി. പ്രസിഡന്റുമായ ബ്ര. ഇ.എം.ജി. ചന്ദനപ്പള്ളി മുഖ്യപ്രഭാഷണവും കോട്ടയം സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവും അതിരൂപതാ പ്രൊക്കുറേറ്ററുമായ ഫാ. അലക്സ് ആക്കപ്പറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. സി.സി. സെക്രട്ടറി ബ്ര. പാട്രിക് ഓട്ടപ്പള്ളി വാർഷിക റിപ്പോർട്ടും സി.സി. ട്രഷറർ ബ്ര. എൻ.സി. തോമസ് വാർഷിക കണക്കും അവതരി

പ്പിച്ചത് ചർച്ച ചെയ്തു പാസാക്കി. ഓരോ വർഷവും 'ബെസ്റ്റ് കോൺഫ റൻസ്' ആയി തെരഞ്ഞെടുക്കപ്പെടുന്ന കോൺഫറൻസിന് താമ്പാ തിരു ഹൃദയ ദേവാലയത്തിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഏർപ്പെടുത്തിയിട്ടുള്ള ബ്ര. തോമസ് മഠത്തിലേട്ട് മെമ്മോറിയൽ അവാർഡ് പതിനായിരം രൂപാ ഈ വർഷം 'ബെസ്റ്റ് കോൺഫറൻസ്' ആയി തെര ഞ്ഞെടുക്കപ്പെട്ട ചെറുകര സെന്റ് മേരീസ് കോൺഫറൻസിന് മോൺ. ഇളപ്പാനിക്കൽ സമ്മാനിച്ചു. സി.സി.യുടെ പ്രൊജക്ടായ ഒസ്സാനാം സ്കോളർഷിപ്പുകൾ, വാ. ഫ്രെഡറിക് ഒസ്സാനാം ജന്മദ്വിശതാബ്ദി സി. സി. വജ്രജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പുകൾ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഈ വർഷം കോട്ടയം മലബാർ മേഖലകളിലായി അതി രൂപതാ തലത്തിൽ നടത്തിയ കലാമത്സര വിജയികൾക്കുള്ള സമ്മാന ങ്ങൾ മുതലായവ ഫാ. അല്ക് ആക്കപ്പറമ്പിൽ, ബ്ര. ഇ.എം.ജി. ചന്ദന പ്പള്ളി എന്നിവർ വിതരണം ചെയ്തു. അംഗങ്ങളുടെ വിഭാഗത്തിൽ വിവിധ ഇനങ്ങളിലെ വിജയികളായ 32 പേർക്ക് മെമെന്റോകളും അംഗങ്ങളല്ലാത്ത ജൂനിയർ യൂത്ത് വിഭാഗങ്ങളിലെ മത്സവിജയികളായ 50 പേർക്കു 2000, 1500, 1000 രൂപാ ക്രമത്തിൽ 74500/- രൂപയുടെ കാഷ് പ്രൈസുമാണ് വിതരണം ചെയ്തത്. സി.സി. വൈസ് പ്രസിഡന്റുമാരായ ബ്ര. വി.റ്റി. സ്റ്റീഫൻ, ബ്ര. എം.കെ. ജോസ്, മത്സരകമ്മിറ്റി കൺവീനർ ബ്ര. പി.റ്റി. ഡോൺബോസ്കോ എന്നിവരും സംസാരിച്ചു. പ്രാരംഭപ്രാർത്ഥനയ്ക്ക് സി.സി. അഡ്വൈസർ ബ്ര. പി.ജെ. സിറിയക്കും സമാപന പ്രാർത്ഥനയ്ക്ക് സി.സി. വനിതാ പ്രതിനിധി സി. ത്രേസ്യാമ്മ തോമസും നേതൃത്വം നൽകി. സമ്മേളനത്തിൽ 350 ൽ പരം അംഗങ്ങൾ പങ്കെടുത്തു.

## പുതിയ കോൺഫറൻസ് ആരംഭിച്ചു

കോട്ടയം സി.സി.യിലെ കോട്ടയം എ.സിയിൽ കാരിത്താസ് സെന്റ് തോമസ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കോൺഫറൻസ് ആരംഭിച്ചു. 2014 ഒക്ടോബർ 5-ാം തീയതി ഞായറാഴ്ച ചേർന്ന കോൺഫറൻസ് യോഗത്തിൽ വച്ച് ബ്ര. വി.ജെ. അലക്സ്, വിശാ ഖന്തറ ആദ്യ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ബ്ര. എ.സി. ജോൺ ഇടയാടിയിൽ (വൈസ് പ്രസിഡന്റ്) ബ്ര. സി.എൽ. തോമസ് ചാമക്കാല യിൽ (സെക്രട്ടറി), സി. റോസമമ അലക്സാണ്ടർ ചൂളപ്പറമ്പിൽ (ജോ.

സെക്രട്ടറി), ബ്ര. കെ. ജോർജ് തുരുത്തേൽക്കളം (ട്രഷറർ) എന്നിവരും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. തെരഞ്ഞെടുപ്പ് യോഗത്തിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. മാത്യു കുരിയന്തറ, എ.സി. സെക്രട്ടറി ബ്ര പി.പി. സൈമൺ എന്നിവർ നേതൃത്വം നൽകി. 16 അംഗങ്ങളോടുകൂടിയാണ് പുതിയ കോൺഫറൻസ് ആരംഭിച്ചത്.

**കെ. ജെ. ജോസ് കോതാലടിയിൽ**
(പ്രസിഡന്റ്)

# ലിജിയൻ ഓഫ് മേരി

ലിജൻ ഓഫ് മേരിയുടെ ഭാരവാഹികളുടെ യോഗം ഒക്ടോബർ 7-ാം തീയതി ചൊവ്വാവ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യ പാസ്റ്റർ സെന്ററിൽ വച്ച് ആത്മിയ നിയന്താവ് ഫാ. ജോസ് കുറുപ്പന്തറയുടെ അധ്യക്ഷതയിൽ ചേർന്നു. പ്രാരംഭ പ്രാർത്ഥനയ്ക്ക് ശേഷം നീറിക്കാട് വച്ച് നടത്തുന്ന ലിജിൻ ഓഫ് മേരിയുടെ ഡിസംബർ സമ്മേളനത്തിന്റെ പ്രാഥമിക അവലോകനം നടത്തി. ഇടയ്ക്കാട്ട് കുരിയായുടെ യോഗം ഒക്ടോബർ 20-ാം തീയതി തിങ്കളാഴ്ച 2 pm ന് ഒളശ്ശ സെന്റ് ആന്റണീസ് പള്ളിയിൽ കൂടുക ഉണ്ടായി. ഫാ. ജോസ് കുറുപ്പന്തറയും, ഫാ. എബ്രാഹം കളരിക്കലും പ്രഭാഷണം നടത്തി. കൈപ്പുഴ കുരിയായുടെ യോഗം നീണ്ടൂർ സെന്റ് മൈക്കിൾസ് പള്ളിയിൽ ഒക്ടോബർ 28 ചൊവ്വാഴ്ച 2 pm ന് കൂടി. നവംബർ 4-ാം തീയതി കമ്മിസിയം ഭാരവാഹികളുടെ യോഗം ചൈതന്യ പാസ്റ്റർ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**മോളി സൈമൺ കരിമ്പുംകാലായിൽ** (പ്രസിഡന്റ്)

# ചെറുപുഷ്പ മിഷൻലീഗ്

## മിഷൻലീഗ് അതിരൂപത കലാമത്സരം ഉഴവൂർ ചാമ്പ്യൻമാർ

കരിങ്കുന്നം: ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപത കലാമത്സരങ്ങൾ കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തി. ചുങ്കം മേഖലാ ഡയറക്ടർ ഫാ. ഷാജി പൂത്തറ

മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ മേഖലക ളിൽ നിന്നുമുള്ള അംഗങ്ങൾ മത്സരങ്ങളിൽ സംബന്ധിച്ചു. അതിരൂപത ഭാരവാഹികളും, ചുങ്കം മേഖലാ ഭാരവാഹികളും മത്സരങ്ങൾക്ക് നേതൃത്വം നല്കി. കലാ സാഹിത്യ മത്സരങ്ങളിൽ ഉഴവൂർ, കൈപ്പുഴ, കടുത്തുരുത്തി മേഖലകളും, ഉഴവൂർ, കരിങ്കുന്നം, ഏറ്റുമാനൂർ ശാഖകളും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

### ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാന കലോത്സവം

ഈ വർഷത്തെ മിഷൻലീഗ് സംസ്ഥാന കലോത്സവം നവംബർ 8 ന് വാഴത്തോപ്പ് ഗിരിജ്യോതി പബ്ലിക് സ്കൂളിൽ വച്ച് നടക്കും. രാവിലെ 9 മണിക്ക് മത്സരങ്ങൾ ആരംഭിക്കും. അതിരൂപത മത്സരവിജയികളാണ് സംസ്ഥാന മത്സരത്തിൽ സംബന്ധിക്കേണ്ടത്.

## കെ. സി. വൈ. എൽ.

### അതിരൂപതാ ലീഡർഷിപ് ക്യാമ്പ് സംഘടിപ്പിച്ചു

ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ 46-ാമത് ലീഡർഷിപ്പ് ക്യാമ്പ് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 2,3,4,5 തീയതി കളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 2-ാം തീയതി 6.30 ന് നടന്ന ഉദ്ഘാടനസ മ്മേളനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാലൻസിലർ റവ. ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. യുവജനങ്ങളുടെ മുന്നിലുള്ള അനന്തമായ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തണമെന്നും കൂടുതൽ വിശാലമായ പ്രവൃത്തി പഥങ്ങളിലേയ്ക്കും വിദ്യാഭ്യാസ-ഉദ്യോ ഗതലങ്ങളിലേയ്ക്കും യുവജനങ്ങൾ മുന്നേറണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. അതിരൂപതാ ചാപ്ലയിൻ റവ. ഫാ. അബ്രഹാം പറ മ്പേട്ട്, അതിരൂപതാ ഡയറക്ടർ ഡോ. ഫ്രാൻസിസ് സിറിയക്, കെ.സി. സി. അതിരൂപതാ സെക്രട്ടറി തോമസ് പീടികയിൽ എന്നിവർ ആശംസ കൾ അർപ്പിച്ച് സംസാരിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാ ശാലയുടെ 2014 ലെ എൻജിനിയറിംഗ് പരീക്ഷയിൽ 1-ാം റാങ്ക് നേടിയ കുമാരി അഞ്ജു ജോണിനെ യോഗത്തിൽ ആദരിച്ചു. അതിരൂപതാ ഭാര

വാഹികളായ ദിനൂപ് മലയിൽ, ദീപു വടക്കേടത്ത്, ജിൻസ് പൂത്തുറ, ബെൻസി വലിയപറമ്പിൽ, ജോയിന്റ് ഡയറക്ടർ തോമസ് മാത്യു, സിസ്റ്റർ അഡ്വൈസർ സിസ്റ്റർ സാങ്റ്റ എന്നിവർ സന്നിഹിതരായിരുന്നു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 100 ൽ പരം കെ.സി. വൈ.എൽ. അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. വിവിധ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരായ പരിശീലകർ നേതൃത്വ പരിശീലനത്തെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു.

## സമുദായപഠനക്യാമ്പ് സംഘടിപ്പിച്ചു

കെ.സി.വൈ.എൽ. അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ ഫൊറോനകളിൽ നടത്തുന്ന സമുദായ പഠന ക്യാമ്പിന്റെ മൂന്നാം ഘട്ടം ചുങ്കം ഫൊറോനയിലെ മണക്കാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തി. ചുങ്കം ഫൊറോന വികാരി ഫാ. തോമസ് പുതിയകുന്നേൽ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ കെ.സി.വൈ.എൽ. അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ചാപ്ലയിൻ ഫാ. അബ്രഹാം പറമ്പേട്ട്, ഫൊറോന ചാപ്ലയിൻ ഫാ. തോമസ് കീന്തനാനിക്കൽ, യൂണിറ്റ് ചാപ്ലയിൻ ഫാ. ഷാജി പൂത്തറ, അതിരൂപതാ ഭാരവാഹികളായ ദിനൂപ് മലയിൽ, ജിൻസ് പൂത്തറ, എ.കെ.സി.സി. വൈസ് പ്രസിഡന്റ് ജിൽമോൻ മഠത്തിൽ എന്നിവർ പ്രസംഗിച്ചു. ക്നാനായ സമുദായ ചരിത്രം, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, ഭാരത കത്തോലിക്ക സഭയ്ക്ക് ക്നാനായ കത്തോലിക്കരുടെ സംഭാവനകൾ, സ്വവംശവിവാഹനിഷ്ഠയ്ക്കുള്ള ബൈബിൾ അടിസ്ഥാനം, അതിരൂപതയുടെ സ്ഥാപനവും വളർച്ചയും തുടങ്ങിയ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്യാമ്പിൽ ചർച്ചകൾ നടത്തി. ഫാ. സൈമൺ പുല്ലാട്ട്, ഫാ. ജോൺ ചേത്തലിൽ, പ്രൊഫ. അലക്സ് ജോർജ് കാവുകാട്ട്, സിജിൻ ഒളശ്ശ, സിറിയക് ചാഴികാടൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ക്യാമ്പിനോട് അനുബന്ധിച്ച് യുവജനങ്ങൾക്കായി പുരാതനപ്പാട്ട് പരിശീലനവും നൽകി. 50 ഓളം യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**ദിനൂപ് പി. മലയിൽ**
അതിരൂപതാ ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## 17 – ാ മത് ചൈതന്യ കാർഷിക മേള, സ്വാശ്രയസംഘ മഹോത്സവ വാർത്തകൾ

## ആകർഷക സമ്മാനങ്ങളും നിർദ്ധന രോഗികൾക്ക് സഹായ ഹസ്തവുമായി ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ

സ്വാശ്രയസംഘാംഗങ്ങളുടെ കുടുംബ മഹോത്സവമായ 17–ാമത് ചൈതന്യ കാർഷികമേളയോടും കെ.എസ്.എസ്.എസ് സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് അകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരുണ്യ നിധി വിഭവസമാഹരണ കൂപ്പൺ പുറത്തിറക്കി യിരിക്കുന്നു. ഒന്നാം സമ്മാനമായി സ്കൂട്ടറും രണ്ടാം സമ്മാനമായി ഒരു പവൻ സ്വർണ്ണവും മൂന്നാം സമ്മാനമായി ഫ്രിഡ്ജും നാലാം സമ്മാന മായി തയ്യൽ മെഷീനും അഞ്ചാം സമ്മാനമായി സോളാർ റാന്തൽ വിളക്കും കൂടാതെ 1000 ൽ പരം ഗ്രാമതലസമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. മാറാരോഗങ്ങൾ ഉൾപ്പെടെ അപ്രതീക്ഷിതമായ നിരവധി രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി മാറുക്കയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ചൈതന്യ ജീവകാരുണ്യനിധി ചികിത്സാ സഹായ നിധിയിലേക്കാണ് സമ്മാനക്കൂപ്പണിലൂടെ ഫണ്ട് സമാഹരണം നടത്തുന്നത്. കൂപ്പൺ ഒന്നിന് 10 രൂപയാണ്.

## കാർഷികമേള ഭക്ഷ്യ സുരക്ഷ – വിളംബര സന്ദേശ യാത്ര

17–ാമത് ചൈതന്യ കാർഷികമേളയുടെയും കെ.എസ്.എസ്.എസ് സ്വാശ്രയസംഘ മഹോത്സവത്തിന്റെയും സന്ദേശം ജനങ്ങളിലെത്തി ക്കുന്നതോടൊപ്പം ഭക്ഷ്യസുരക്ഷാ സന്ദേശം പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന കാർഷികമേള വിളംബര സന്ദേശ യാത്രയ്ക്ക് വിവിധ മേഖലകളിൽ സ്വീകരണം സംഘടിപ്പി ക്കുന്നു. ഗ്രാമീണ കാർഷിക ഭക്ഷ്യോല്പന്നമായ ചക്കയുടെ ആകൃതി യിൽ രൂപകൽപന ചെയ്തിട്ടുള്ള പ്രചരണ വാഹനം കോട്ടയം, ഇടു ക്കി, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ വിവിധ പ്രദേ ശങ്ങളിലൂടെ സഞ്ചരിച്ച് നവംബർ 25 ന് ചൈതന്യ കാർഷികമേളാങ്കണത്തിൽ എത്തിച്ചേരും. വിളംബര സന്ദേശയാത്ര

ഉഴവൂർ മേഖലയിൽ നവംബർ 3 മുതൽ 5 വരെയും ചുങ്കം മേഖലയിൽ നവംബർ 6 മുതൽ 10 വരെയും കിടങ്ങൂർ മേഖലയിൽ നവംബർ 11 മുതൽ 13 വരെയും കൈപ്പുഴ മേഖലയിൽ നവംബർ 16 മുതൽ 18 വരെയും ഇടയ്ക്കാട് മേഖലയിൽ നവംബർ 19 മുതൽ 22 വരെയും സഞ്ചരിക്കും. സ്വീകരണത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും.

## പൊതുവിള പ്രദർശന മത്സരം

കർഷകരെയും കാർഷിക മേഖലയെയും പ്രോത്സാഹിപ്പിക്കുന്നതിനായി മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ചേന, കാച്ചിൽ, മരച്ചീനി, വിളവെത്തിയ തേങ്ങാക്കുല, ഏത്തക്കുല, അടയ്ക്കാക്കുല, ചക്ക എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. പൊതുവിള പ്രദർശനത്തിന് കൊണ്ടുവരുന്ന വിളകൾ അതാത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. ഒരോ ഇനത്തിനും ഒന്നാം സമ്മാനമായി 1500 രൂപയും രണ്ടാം സമ്മാനമായി 1000 രൂപയും നൽകുന്നതാണ്.

## പക്ഷിമൃഗാദികളുടെ പ്രദർശനവും വില്പനയും

17-ാമത് സ്വാശ്രയസംഘ മഹോത്സവത്തോടും ചൈതന്യ കാർഷികമേളയോടും അനുബന്ധിച്ച് പക്ഷി മൃഗാദികളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നു. നാടൻ കോഴികൾ, താറാവ്, മുയൽ, കാട, പേത്ത, എമു, കൾഗം, ആട്, നാടൻ പന്നിക്കുഞ്ഞുങ്ങൾ, ഗിനിപ്പന്നി, അലങ്കാരപ്പക്ഷികൾ, എന്നിവയാണ് പ്രദർശനത്തിനും വിപണനത്തിനുമായി ക്രമീകരിക്കുന്നത്.

## സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ

കാർഷികമേളയോടനുബന്ധിച്ച് സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. 3070 രൂപ വിലയുള്ള സോളാർ റാന്തൽ വിളക്ക് മേളയുടെ ദിനങ്ങളിൽ സ്വാശ്രയ സംഘാംഗങ്ങൾക്ക് 2650/- രൂപ നിരക്കിലും മേളയിൽ പങ്കെടുക്കുന്ന പൊതുജനങ്ങൾക്ക് 2750/- രൂപ നിരക്കിലുമാണ് റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നത്.

## പച്ചക്കറി വിത്തുകളും തൈകളും വിൽപ്പനയ്ക്ക്

കെ.എസ്.എസ്. എസ് കാർഷിക മേളയോടനുബന്ധിച്ച് വിവിധയിനം പച്ചക്കറി വിത്തുകളും തൈകളും വിൽപ്പനയ്ക്കായി ഒരുക്കുന്നു.

## ഉല്ലാസനഗരി – അമ്യൂസ്മെന്റ് പാർക്ക്

കാർഷികമേളയോടനുബന്ധിച്ച് അമ്യൂസ്മെന്റ് പാർക്ക് ഒരുക്കുന്നു. പ്രത്യേക പാസ്സ് മൂലമായിരിക്കും ഓരോ റൈഡുകളിലും പ്രവേശനം നൽകുക. കാർഷിക മേളയുടെ നാലാം ദിവസമായ നവംബർ 29 ശനിയാഴ്ച കെ.എസ്.എസ്.എസ് സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികൾക്കും, സ്കൂൾ കുട്ടികൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രത്യേക ഡിസ്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

## പൗരാണിക വിഭവങ്ങളുമായി കെ. എസ്. എസ്. എസ് സ്റ്റാളുകൾ

മേളയുടെ ദിനങ്ങളിൽ സന്ദർശകരായി എത്തുന്നവർക്ക് പൗരാണിക വിഭവങ്ങളടങ്ങിയ വിവിധ സ്റ്റാളുകൾ കെ.എസ്.എസ്.എസ് ഒരുക്കുന്നു.

## പാർക്കിംഗ് സൗകര്യം

മേളയുടെ ദിനങ്ങളിൽ സന്ദർശകരായി എത്തുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേക സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. കാർഷികമേള നടക്കുന്ന സമ്മേളന നഗരിയിലേക്ക് വാഹനങ്ങൾക്ക് മേളയുടെ ദിനങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ചെറു വാഹനങ്ങൾക്ക് ചൈതന്യയോടു ചേർന്നുള്ള ഗ്രൗണ്ടിലും പുഷ്പഗിരി പള്ളിയുടെ പരിസരത്തും പാർക്ക് ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കും. വലിയ വാഹനങ്ങളിൽ വരുന്നവർ മേളയുടെ പ്രവേശന കവാടത്തിൽ സന്ദർശകരെ ഇറക്കിയതിനു ശേഷം ഹോളി ഫാമിലി സ്കൂളിനു സമീപം പാർക്ക് ചെയ്യാവുന്നതാണ്.

## ചൈതന്യ കാർഷിക മേളയിൽ ആവേശം വിതറാൻ പൊതുമത്സരങ്ങൾ

ചൈതന്യ കാർഷിക മേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് പൊതുവിഭാഗത്തിൽ പുരുഷന്മാർക്കായി സുന്ദരൻ താടി, തലയണയടി മത്സരവും 60 വയസിനുമുകളിൽ പ്രായമായ വനിതകൾക്കായി കേശദാദി മത്സരവും കോളേജ് വിദ്യാർത്ഥികൾക്കായി ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കി മൂകാഭിനയ മത്സരവും (മൈം) കൂടാതെ പുരുഷന്മാർക്കും വനിതകൾക്കുമായി കോക്കനട്ട് ഒളിമ്പിക്സ് മത്സരവും സംഘടിപ്പിക്കുന്നു. 9447141676 എന്ന നമ്പരിൽ ബന്ധപ്പെടുക.

## കലിംഗബ്രൗൺ, കരിങ്കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

കാർഷികമേളയോടനുബന്ധിച്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. 45 ദിവസം പ്രായമുള്ള കലിംഗബ്രൗൺ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പൊതുജനങ്ങൾക്ക് ഒരു ജോഡിക്ക് 190 രൂപ നിരക്കിലും കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 160 രൂപ നിരക്കിലും കരിങ്കോഴി ഇനത്തിൽപ്പെട്ട മുട്ടക്കോഴികുഞ്ഞുങ്ങളെ പൊതുജനങ്ങൾക്ക് ഒരു ജോഡിക്ക് 350 രൂപ നിരക്കിലും കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങൾക്ക് ജോഡിക്ക് 300 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്.

## സ്വാശ്രയസംഘ കലാപരിപാടികൾ

കാർഷികമേളയോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ ഓരോ മേഖലകൾക്കും ഒരു മണിക്കൂർ സമയം വീതം പുതുമയാർന്ന കലാപരിപാടികൾ അവതരിപ്പിക്കുവാൻ അവസരം ഉണ്ടായിരിക്കും. 26-ാം തീയതി ബുധനാഴ്ച സി.ബി.ആർ, ഇടയ്ക്കാട് മേഖലകൾക്കും 27-ാം തീയതി വ്യാഴാഴ്ച മലങ്കര, കൈപ്പുഴ മേഖലകൾക്കും 28-ാം തീയതി വെള്ളിയാഴ്ച ഉഴവൂർ, കടുത്തുരുത്തി മേഖലകൾക്കും 29-ാം തീയതി ശനിയാഴ്ച ഹൈറേഞ്ച്, ചുങ്കം മേഖലകൾക്കും 30-ാം തീയതി ഞായറാഴ്ച പുരുഷ സ്വാശ്രയ സംഘാംഗങ്ങൾക്കും കിടങ്ങൂർ മേഖലയ്ക്കുമാണ് കലാപരിപാടികൾ അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നത്.

## കർഷക സംഗമം

17-ാമത് ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് നവംബർ 30-ാം തീയതി ഞായറാഴ്ച കർഷക സംഗമം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസിന്റെ കീഴിലുള്ള മുഴുവൻ പുരുഷ സ്വാശ്രയ സംഘാംഗങ്ങളെയും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളെയും മറ്റ് ഇതര കർഷക-പരിസ്ഥിതി പ്രവർത്തകരേയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് കർഷകസംഗമം സംഘടിപ്പിക്കുന്നത്. കർഷക സംഗമത്തോടനുബന്ധിച്ച് സെമിനാർ, വിവിധ കലാപരിപാടികൾ എന്നിവ നടത്തപ്പെടും.

## ചൈതന്യ കാർഷികമേളയിൽ കേന്ദ്രതല മത്സരങ്ങൾ

17-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘമഹോത്സവത്തോടുമനുബന്ധിച്ച് വിവിധങ്ങളായ കേന്ദ്രതല മത്സരങ്ങൾ സംഘടി

പ്പിക്കുന്നു. മേളയിലെ കലാ-കാർഷിക മത്സരങ്ങളിലെ മികവാർന്ന പ്രകടനത്തെ ആസ്പദമാക്കി മികച്ച മേഖല, ഏറ്റവും കൂടുതൽ ചൈതന്യ ജീവകാരുണ്യനിധി വിഭവസമാഹരണം നടത്തുന്ന ഗ്രാമം, മേഖല, മികച്ച സി.ബി.ആർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന മേഖല, മികച്ച മേഖലാ വിള പ്രദർശനം, മികച്ച കുടുംബശാക്തീകരണ പദ്ധതി കുടുംബം, മികച്ച കർഷക കുടുംബം, മികച്ച സംഘകൃഷി എന്നീ ഇനങ്ങളിലാണ് കേന്ദ്രതല മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. വിജയികളാകുന്നവർക്ക് കാർഷിക മേളയിൽ എവർ റോളിംഗ് ട്രോഫിയും ആകർഷക സമ്മാനങ്ങളും നൽകുന്നതാണ്.

## കാർഷികമേളയിൽ വൃക്ക രോഗനിർണ്ണയ ക്യാമ്പ്

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് കെ.എസ്.എസ്.എസ് കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ സുരക്ഷ കേരളം പദ്ധതിയുമായി സഹകരിച്ച് വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. നവംബർ 26 മുതൽ 30 വരെ തീയതികളിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലാണ് ക്യാമ്പ് നടത്തപ്പെടുക. ഒരു ദിവസം 200 പേർക്കായിരിക്കും ക്യാമ്പിന്റെ സേവനം ലഭ്യമാക്കുക.

## കാർഷികമേളയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് കെ.എസ്.എസ്.എസ് അതിരമ്പുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. മേളയുടെ ദിനങ്ങളിൽ മെഡിക്കൽ പരിശോധനയും പ്രഷർ, ഷുഗർ എന്നിവ പരിശോധിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

## വികലാംഗദിനാഘോഷം - സർഗ്ഗസംഗമം 2014

17-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് വികലാംഗ ക്ഷേമ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പരിപാടികളോടെ സംസ്ഥാനതല വികലാംഗദിനാഘോഷം 'സർഗ്ഗസംഗമം' എന്ന പേരിൽ മേളയുടെ ഒന്നാം ദിനമായ നവംബർ 26-ാം തീയതി ബുധനാഴ്ച ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ശാരീരിക ന്യൂനതകൾ അനുഭവിക്കുന്നവർക്കായി വെള്ളുത്തുള്ളി പൊളിക്കൽ, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി

ഈർക്കിലി ചീകൽ, പരിസ്ഥിതി സൗഹാർദ്ദ കരകൗശല വസ്തുക്കളുടെ നിർമ്മാണം, നാടൻ പൂക്കൾ ഉപയോഗിച്ചുള്ള ഫ്ളവർ അറേഞ്ച്മെന്റ്, ബാന്റ് സെറ്റ്, വാഴച്ചുണ്ട് പൊളിക്കൽ, ബധിര മൂക വിഭാഗക്കാർക്കായി വെജിറ്റബിൾ & ഫ്രൂട്ട് കാർവിംഗ് മത്സരം, അന്ധ വിഭാഗത്തിനായി നാരങ്ങാ പിഴിച്ചിൽ മത്സരം എന്നീ മത്സരങ്ങളാണ് നടത്തപ്പെടുക. കലാ വിഭാഗത്തിൽ നിശ്ചലദൃശ്യാവിഷ്ക്കാരം, പ്രച്ഛന്നവേഷം, സംഘനൃത്തം എന്നീ മത്സരങ്ങളും നടത്തപ്പെടും. 9746591732 എന്ന നമ്പരിൽ ബന്ധപ്പെടുക.

## കാർഷികമേളയിൽ ആവേശം വിതറാൻ സ്വാശ്രയസംഘ കാർഷിക – കലാ മത്സരങ്ങൾ

വിത്ത് പൂക്കള മത്സരം, ഞാറ് നടീൽ, വാഴപ്പിണ്ടി പൊളിയ്ക്കൽ, നാടൻ ഭാരോദ്വഹനം, നെല്ല് കുത്ത്, നെല്ല് വീശിയെടുക്കൽ, മീൻപിടുത്തം, കോക്കനട്ട് ഒളിമ്പിക്സ്, വനിത കബഡി, ഓലപ്പന്ത് നിർമ്മാണം, ഓലമെടച്ചിൽ, കച്ചിത്തിരി നിർമ്മാണം, വെള്ളംതേകൽ, പൈനാപ്പിൾ ചെത്ത്, തേങ്ങാപൊതിക്കൽ, തലയണയടി മത്സരം എന്നീ കാർഷിക മത്സരങ്ങളും സുന്ദരൻ താടി മത്സരം, കൊയ്ത്ത് പാട്ട് മത്സരം, വെജിറ്റബിൾ പ്രച്ഛന്നവേഷ മത്സരം, നാടോടിനൃത്ത മത്സരം, കേശദാദി മത്സരം, സിനിമാറ്റിക് ഡാൻസ് മത്സരം, ഡി ഫോർ ഡാൻസ് മത്സരം, കോമഡി സ്കിറ്റ്, മമ്മി & മി റിയാലിറ്റി ഷോ, ദമ്പതി പ്രശ്നോത്തരി, പ്രണയ വർണ്ണങ്ങൾ എന്നീ കലാ മത്സരങ്ങളുമാണ് സംഘടിപ്പിക്കുന്നത്.

## കാർഷികമേളയിൽ കുട്ടികൾക്കായി കൗൺസിലിംഗ് സൗകര്യം

കാർഷികമേളയോടനുബന്ധിച്ച് കുട്ടികൾക്കായി കൗൺസലിംഗ് സൗകര്യം ഒരുക്കുന്നു. ചൈൽഡ് വെൽഫെയർ സൊസൈറ്റിയുടേയും ചൈൽഡ് ലൈനിന്റേയും സഹകരണത്തോടെയാണ് കൗൺസിലിംഗ് സൗകര്യം ഒരുക്കുന്നത്. നവംബർ 29-ാം തീയതി രാവിലെ 10 മണിമുതൽ വൈകിട്ട് 4 മണിവരെയായിരിക്കും സേവനം ലഭ്യമാക്കുക.

# പരിശീലനങ്ങൾ

## ബ്യൂട്ടീഷ്യൻ പരിശീലനം

15 ദിവസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം നവംബർ 8 ശനിയാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു.

## കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം നവംബർ 8 രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ കൃഷി തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കും.

## ആഭരണ നിർമ്മാണ പരിശീലനം

നവംബർ 8 ന് ചൈതന്യയിൽ കെ.എസ്.എസ്.എസ്. പരിശീലനം സംഘടിപ്പിക്കുന്നു. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് ആഭരണ നിർമ്മാണം എന്നിവയാണ് പരിശീലനത്തോടനുബന്ധിച്ച് ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

നവംബർ 8 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

കെ.എസ്.എസ്.എസ് നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ 31-ാമത് ബാച്ചിന്റെ പരിശീലനം ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ചു. 7-ാം ക്ലാസ്സുവരെ പഠനം പൂർത്തിയാക്കിയ 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പേര് രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ 8281937681 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ്

ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് നവംബർ 9-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കും. ന്യൂറോളജിസ്റ്റ് ഡോ. ഗ്രേസിക്കുട്ടി മാത്യു ക്യാമ്പിന് നേതൃത്വം നൽകും. അന്നേ ദിവസം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും ക്രമീകരിച്ചിട്ടുണ്ട്.

## ചൈതന്യ കാർഷികമേള ഭക്ഷ്യസുരക്ഷ വിളംബര സന്ദേശയാത്രയ്ക്ക് വർണ്ണാഭമായ തുടക്കം

17-ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയ സംഘമഹോ

ത്സവത്തിനും മുന്നൊരുക്കമായുള്ള ഭക്ഷ്യസുരക്ഷ വിളംബരസന്ദേശയാത്രയ്ക്ക് വർണ്ണാഭമായ തുടക്കം. ഒക്ടോബർ 25 ന് കോട്ടയം തിരുനക്കര ബസ്സ്റ്റാന്റിൽ സംഘടിപ്പിച്ച ചടങ്ങിൽ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സന്ദേശയാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. കോട്ടയം മുനിസിപ്പൽ ചെയർമാൻ എം.പി.സന്തോഷ്കുമാർ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഫാ. ജോസ് തറപ്പുതൊട്ടിയിൽ, ഫാ. ജിനു കാവിൽ, കോട്ടയം മുനിസിപ്പൽ കൗൺസിൽ അംഗങ്ങളായ വി.കെ. അനിൽകുമാർ, ടി.സി.റോയി, എൻ.എസ്. ഹരിശ്ചന്ദ്രൻ, എന്നിവർ സന്നിഹിതരായിരുന്നു. കുടുംബകൃഷി വർഷാചരണത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷയുടെ സന്ദേശം കൈമാറുന്ന കാർഷിക ഭക്ഷ്യോല്പന്നമായ ചക്കയുടെ ആകൃതിയിലുള്ള പ്രചരണ വാഹനമാണ് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പുറത്തിറക്കിയിരിക്കുന്നത്.

## കെ. എസ്. എസ്. എസ് ഭക്ഷ്യദിനാചരണവും നേതൃസംഗമവും സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യദിനാചരണവും നേതൃസംഗമവും സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഫിൽസൺ മാത്യൂസ് നിർവ്വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചയാത്ത് പ്രസിഡന്റ് റെയ്ച്ചൽ ജേക്കബ്ബ് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഹെൽപ്പേജ് ഇന്ത്യ സീനിയർ മാനേജർ ജോൺ. ഇ. ഡാനിയേൽ, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ ബബിത ടി ജെസ്സിൽ, പ്രൊജക്ട് കോർഡിനേറ്റർ സിസ്റ്റർ എൽസിയ എസ്.ജെ.സി എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ സെമിനാറും ഹെൽപ്പേജ് ഇന്ത്യയുമായി സഹകരിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന വയോജന ക്ഷേമ പദ്ധതിയിലെ അംഗങ്ങൾക്കായുള്ള നേതൃത്വ പരിശീലനവും സംഘടിപ്പിച്ചു.

## കെ. എസ്. എസ്എസ് അന്ധ – ബധിര പുനരധിവാസ പദ്ധതി ദ്വിദിന ശില്പശാല സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് സെൻസ് ഇന്റർ നാഷണൽ ഇൻഡ്യയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന അന്ധ ബധിര പുനരധിവാസ പ്രവർത്ത

നങ്ങളുടെ ഭാഗമായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുടെ ഉദ്ഘാടനം എം.ജി.യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ നിർവ്വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ മുഖ്യപ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫീസർ സിസ്റ്റർ ലിനറ്റ് ഡി.സി.പി.ബി, സിസ്റ്റർ നിഖില എസ്.ജെ.സി, മേരി ഫിലിപ്പ്, രാജു കെ എന്നിവർ പ്രസംഗിച്ചു.

ശില്പശാലയുടെ സമാപനസമ്മേളനം കേരള വന–ഗതാഗത–പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സെൻസ് ഇന്റർനാഷണൽ ഇന്ത്യ സീനിയർ മാനേജർ പരാഗ് നാംദിയോ, കോട്ടയം ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ സുശീല കെ, വാകത്താനം ഗ്രാമപഞ്ചായത്ത് മെമ്പർ കൃഷ്ണൻകുട്ടി, ജില്ലാ പ്രൊബേഷണറി ഓഫീസർ ബിനോയി വി.ജെ, തപസ് സ്റ്റേറ്റ് കോർഡിനേറ്റർ സോണ എബ്രാഹം, കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, സിസ്റ്റർ സിമി ഡി.സി.പി.ബി, സിസ്റ്റർ ലൂഡ്സി എസ്.വി.എം, ഷൈല തോമസ്, എന്നിവർ പ്രസംഗിച്ചു. രണ്ടാം ദിനം നടത്തപ്പെട്ട സംസ്ഥാനതല അഡ്വക്കസി ആന്റ് നെറ്റ്‌വർക്ക് മീറ്റിംഗിൽ ആരോഗ്യ രംഗത്തെ പ്രമുഖർ, വികലാംഗക്ഷേമ പ്രവർത്തകർ, വിദ്യാഭ്യാസ മേഖലയിലെ പ്രമുഖർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ തുടങ്ങി എഴുപത്തിയഞ്ചോളം പേർ പങ്കെടുത്തു.

## കേന്ദ്രതല ഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിച്ചു

17–ാമത് കാർഷികമേളയും സ്വാശ്രയ സംഘ മഹോത്സവത്തിനും മുന്നോടിയായി കേന്ദ്രതല ഫെഡറേഷൻ ഭാരവാഹികളുടെ യോഗം ഒക്ടോബർ 20 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. വനിത, സീനിയർ, നവോമി, സി.ബി.ആർ, സൗഹൃദവേദി എന്നീ സംഘങ്ങളിൽ നിന്നുള്ള കേന്ദ്രതല പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു. സുവർണ്ണ ജൂബിലി സമാപനാഘോഷങ്ങളുടെ വിലയിരുത്തൽ, കാർഷികമേള പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവ നടത്തപ്പെട്ടു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ക്ലാസ്സ് നയിച്ചു.

## ഗ്രാമ സമുദ്ധാരണ പദ്ധതി – വരുമാനപദ്ധതി വിലയിരുത്തൽ നടത്തി

സ്വാശ്രയസംഘാംഗങ്ങൾക്ക് സുസ്ഥിര വരുമാന സംരംഭക സാധ്യതകൾ തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഫ്രാൻസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ലാസിം സംഘടനയുമായി സഹകരിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന ഗ്രാമസമുദ്ധാരണ പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 29, 30 തീയതികളിൽ വെച്ചൂർ, പാലത്തുരുത്ത്, കുമരകം, വെളിയനാട്, എന്നീ ഗ്രാമങ്ങളിലെ ഗുണഭോക്താക്കൾ നടപ്പിലാക്കി വരുന്ന വരുമാന പദ്ധതികൾ ലാസിം സംഘടന പ്രതിനിധി കാൾട്ടൺ ഫെർണാണ്ടസ് സന്ദർശിച്ച് വിലയിരുത്തി.

## ഭക്ഷ്യസുരക്ഷ വിളംബര സന്ദേശയാത്രയ്ക്ക് കടുത്തുരുത്തി, മലങ്കര മേഖലകളിൽ സ്വീകരണം സംഘടിപ്പിച്ചു

17–ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയ സംഘമഹോത്സവത്തിനും മുന്നൊരുക്കമായുള്ള ഭക്ഷ്യസുരക്ഷ വിളംബര സന്ദേശയാത്രയ്ക്ക് കടുത്തുരുത്തി, മലങ്കര മേഖലകളിൽ സ്വീകരണം സംഘടിപ്പിച്ചു. കടുത്തുരുത്തി മേഖലയുടെ നേതൃത്വത്തിൽ തലയോലപ്പറമ്പിൽ സംഘടിപ്പിച്ച സ്വീകരണസമ്മേളനത്തിന്റെ ഉദ്ഘാടനം കെ. അജിത് എം.എൽ.എ നിർവ്വഹിച്ചു. മലങ്കര മേഖലയിൽ കല്ലിശ്ശേരി ജംഗ്ഷനിലാണ് സ്വീകരണം സംഘടിപ്പിച്ചത്.

## സ്വാശ്രയ കർഷക ദമ്പതി സംഗമം സംഘടിപ്പിച്ചു

നീണ്ടൂർ സെന്റ് മൈക്കിൾസ് ചർച്ച് പാരീഷ്ഹാളിൽ സംഘടിപ്പിച്ച കർഷക ദമ്പതി സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി നിർവ്വഹിച്ചു. നീണ്ടൂർ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. സജി മെത്താനത്ത് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ.മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. നീണ്ടൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി ബേബി, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, സോളി റെജി, വി.കെ. കുര്യാക്കോസ്, ബിനി കുര്യാക്കോസ്, അജീഷ്മോൻ ജോയി, ചിന്നമ്മ രാജൻ, ജിജി ജോയി, ജയിനമ്മ ജെയിംസ് എന്നിവർ പ്രസംഗിച്ചു. 'സമൂഹ സൃഷ്ടിയിൽ കുടുംബ മൂല്യങ്ങളുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി സെന്റ് അലോഷ്യസ്

കോളേജ് പ്രിൻസിപ്പൽ പ്രൊഫ. പി.സി അനിയൻ കുഞ്ഞ് ക്ലാസ്സ് നയിച്ചു. കൂടാതെ വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെട്ടു.

## നൂറുമേനി വിളവ് കൊയ്യാൻ കെ.എസ്.എസ്.എസ് കർഷക കൂട്ടായ്മ

കാർഷികമേഖലയും നെൽകൃഷിയുമെല്ലാം വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്ന ഇന്നത്തെ കാലത്ത് തരിശുപാടത്ത് വിത്ത് വിതച്ച് നൂറുമേനി വിളവ് കൊയ്യാൻ തയ്യാറെടുക്കുകയാണ് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ മാറിയിടം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഹരിതവേദി സ്വാശ്രയ സംഘ കൂട്ടായ്മയിലെ അംഗങ്ങൾ. രണ്ടര ഏക്കർ സ്ഥലത്താണ് ഈ കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ വിത്ത് വിതച്ചത്. പാടത്ത് വിതയ്ക്കുന്നതിനായി കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മാറിയിടം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോയി കട്ടിയാങ്കൽ എന്നിവർ നേതൃത്വം നൽകി.

## ഊർജജസംരക്ഷണ സെമിനാർ സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ഊർജ്ജതരംഗിണി എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിലെ സെമിനാർ ഒക്ടോബർ മാസത്തിൽ മുട്ടം, കട്ടച്ചിറ, ചുങ്കം, മ്രാല, വാരപ്പെട്ടി, പറമ്പൻചേരി, അരീക്കര, ചെറുകര, മണക്കാട്, പിറവം, കരിങ്കുന്നം, വടക്കുമുറി, തോട്ടറ, ഇടക്കോലി, വെളിയന്നൂർ, പാഴുത്തുരുത്ത്, കുറുമുള്ളൂർ, മാന്നാനം, അമനകര, വാകത്താനം, കടുത്തുരുത്തി എന്നീ ഗ്രാമങ്ങളിൽ നടത്തപ്പെട്ടു.

## സി.ബി.ആർ സ്റ്റാഫ് പരിശീലനം

സി.ബി.ആർ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സി.ബി.ആർ സ്റ്റാഫിന് വൈകല്യമുള്ളവരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഒക്ടോബർ 18-ാം തീയതി ഏകദിന പരിശീലനം സംഘടിപ്പിച്ചു. കുമാരി സോന ജോസഫ് ക്ലാസിന് നേതൃത്വം നൽകി.

## ചൈൽഡ് ഡെവലപ്മെന്റ് പദ്ധതി - സഹായ വിതരണം നടത്തി

ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന ചൈൽഡ്

ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി ഒക്ടോബർ മാസത്തിൽ പഠന ത്തിനും ചികിത്സയ്ക്കുമായി 22000 രൂപ സഹായം നൽകി.

### സൗജന്യ പരിശോധന നടത്തി

കെ.എസ്.എസ്.എസ് തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജു മായി സഹകരിച്ച് വൈകല്യമുള്ള കുട്ടികൾക്കായി സൗജന്യ പരിശോ ധന സംഘടിപ്പിച്ചു. വെളിയനാട്, ഇരവിപേരൂർ ഗ്രാമത്തിലെ 5 കുട്ടി കൾക്കാണ് സൗജന്യ പരിശോധന ലഭ്യമാക്കിയത്. ശിശുരോഗ വിദഗ്ദ്ധ ഡോ. മഞ്ജു ജോർജ് പരിശോധനയ്ക്ക് നേതൃത്വം നൽകി.

### കരകൗശല നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഡെ കെയർ സെന്ററുകളിൽ തൊഴിൽ പരിശീലനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗ മായി സ്റ്റാഫംഗങ്ങൾക്ക് ഏകദിന കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനം 29-ാം തീയതി ബുധനാഴ്ച ചൈതന്യയിൽ സംഘടിപ്പിച്ചു. 9 പേർ പരിശീലനത്തിൽ പങ്കെടുത്തു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

## മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

### കുടുംബ സംഗമവും ധനസഹായ വിതരണവും

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ മേഖലയിൽ നടപ്പിലാക്കുന്ന സെവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ ഗുണ ഭോക്താക്കളുടെ കുടുംബ സംഗമം ശ്രീപുരം പാസ്റ്ററൽ സെന്ററിൽ നട ന്നു. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാര ശ്ശേരിൽ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. സുസ്ഥിര വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള സാമൂഹ്യപ്രവർത്തനമാണ് അനിവാര്യം എന്നും വ്യക്തികൾ സ്വയം പര്യാപ്തതയിൽ എത്താൻ എല്ലാ സുമന സ്സുകളുടെയും സഹകരണവും സഹായവും ആവശ്യമാണ് എന്നും മാർ പണ്ടാരശ്ശേരിൽ ഓർമ്മപ്പെടുത്തി. ശ്രീപുരം കാറ്റിക്കിസം കമ്മീഷൻ ചെയർമാൻ ഫാ. ബോബി കൊച്ചുപറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷനായി

രുന്നു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. കേരള ഗ്രാമീണ ബാങ്ക് ശ്രീപുരം ബ്രാഞ്ച് മാനേജർ ശ്രീ. പ്രേമരാജ് സി. സി., സെന്റ് ജോസഫ് കോൺഗ്രിഗേഷൻ റീജിയണൽ സുപ്പീരിയർ സി. ട്രീസാ മരിയ എന്നിവർ ആശംസകൾ നേർന്നു. ആടുവളർത്തലിനുവേണ്ടിയുള്ള ധനസഹായ വിതരണം മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം യു. പി. നന്ദി പറഞ്ഞു. സി. അൽഫോൻസാ, ധന്യ അജിത്ത്, വിജുല വിജയ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ധനസഹായം വിതരണം ചെയ്തു

വയനാട്: മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി, വിസിറ്റേഷൻ കോൺഗ്രിഗേഷന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന മാർ മാക്കീൽ വിസിറ്റേഷൻ വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ചെക്കു വിതരണ ഉദ്ഘാടനം മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 11 ന് കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ നിർവഹിച്ചു. പെരിക്കല്ലൂർ ഫൊറോന വികാരി ഫാ. വിൻസൺ കുരുട്ടുപറമ്പിൽ ചടങ്ങിൽ അധ്യക്ഷനായിരുന്നു. മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, വിസിറ്റേഷൻ കോൺഗ്രിഗേഷൻ മദർ ജനറൽ സിസ്റ്റർ ആൻ ജോസ്, പാസ്റ്ററൽ കൗൺസിൽ മെമ്പർ ജോസ് ചക്കാലയ്ക്കൽ, മാസ്സ ലോക്കൽ കമ്മിറ്റി മെമ്പർ മത്തച്ചൻ തറയിൽ, കെ.സി.വൈ.എൽ. ഫൊറോനാ സെക്രട്ടറി ജോൺസൺ താഴപ്പള്ളി, സ്റ്റുഡന്റ് പ്രതിനിധി സനിഗ സജി ചെമ്പഴ എന്നിവർ പ്രസംഗിച്ചു. പെരിക്കല്ലൂർ ഫൊറോന വൈദികർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പേപ്പർ കമ്മൽ നിർമ്മാണ പരിശീലനം

മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡ് റ്റി.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി പയ്യാവൂർ വാതിൽമട കോളനിയിൽ വച്ച് പേപ്പർ കമ്മൽ നിർമ്മാണ പരിശീലനം നടത്തി. പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ട്രൈബൽ കോളനികളിൽ നിന്നുമായി 30 വനിതകൾ പങ്കെടുത്തു. ട്രെയിനർ സിസ്റ്റർ അൽഫോൻസ, റ്റി.ഡി.എഫ്. പ്രോജക്ട് ടീം അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## തയ്യൽ പരിശീലനം പൂർത്തിയാക്കി

മാസ്സ് സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് രാജപുരം മേഖലയിലെ ഒടയംചാൽ സെന്റ് ജോർജ് പരീഷ്

ഹാളിൽ ആരംഭിച്ച തയ്യൽ പരിശീലനം 25 വനിതകൾ പൂർത്തിയാക്കി. രണ്ടു മാസം നീണ്ടുനിന്ന സൗജന്യ തയ്യൽ പരിശീലന പരിപാടികൾക്ക് ശ്രീമതി മേരിക്കുട്ടി ജോജോ, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നല്കി.

## പുനരധിവാസ പദ്ധതി

വികലാംഗ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ശാരീരികവും മാന സികവുമായി വൈകല്യമുള്ള കുട്ടികൾക്ക് വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, കൗൺസിലിംഗ് എന്നിവ ചെയ്തു കൊടുക്കുന്നു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി

മാസ്സ് നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമുള്ള തെങ്ങു കയറ്റ പരിശീലനം മടമ്പം-രാജപുരം മേഖലകളിലെ വിവിധ ഇടവകക ളിൽ വെച്ച് നടന്നു.

### അലക്സ് നഗർ

മടമ്പം മേഖലയിലെ അലക്സ് നഗർ സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ വെച്ച് 24 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്ക് അലക്സ് നഗർ പള്ളി വികാരി റവ. ഫാ. സ്റ്റീഫൻ കാളകാട്ടുകുടി തെങ്ങുകയറ്റ മിഷ്യനും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

### അരയങ്ങാട്

മടമ്പം മേഖലയിലെ അരയങ്ങാട് ഇടവകയിൽ വച്ച് നടത്തിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ 31 ആളുകൾ പരി ശീലനം പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയവർക്ക് അരയങ്ങാട് പള്ളി വികാരി ഫാ. അബ്രാഹം പുതുകുളം തെങ്ങുകയറ്റ മിഷ്യനും സർട്ടി ഫിക്കറ്റും വിതരണം ചെയ്തു. മടമ്പം മേഖലയിലെ വിവിധ ഇടവകക ളിൽ വെച്ച് നടന്ന പരിശീലന പരിപാടികൾക്ക് മേഖല കോർഡിനേറ്റർ ശ്രീമതി ബിന്ദു ജോയി, മാസ്റ്റർ ട്രെയ്നേഴ്സ്, ആനിമേറ്റേഴ്സ് ഫെഡറേ ഷൻ ലിഡേഴ്സ് എന്നിവർ നേതൃത്വം നല്കി.

### രാജപുരം മേഖല

മാസ്സ് നാളികേര വികസന ബോർഡിന്റെ സഹകരണത്തോടുകൂടി രാജപുരം മേഖലയിലെ കൊട്ടോടി മാസ്സ് ട്രെയിനിംങ്ങ് സെന്ററിൽ വച്ച്

2 ബാച്ചുകളിലായി 45 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയവർക്ക് കൊട്ടോടി പള്ളി വികാരി റവ. ഫാ. ലിജോ കൊച്ചുപറമ്പിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വാർഡ് മെമ്പർ ശ്രീ. അബ്ദുള്ള പി. തെങ്ങുകയറ്റയന്ത്രം വിതരണം ചെയ്തു. തെങ്ങുകയറ്റ പരിശീലന പരിപാടികൾക്ക് ശ്രീ. ബാബു പി. എം., ശ്രീമതി ലാലി സണ്ണി എന്നിവർ നേതൃത്വം നല്കി.

## പൈപ്പ് കമ്പോസ്റ്റ് നിർമ്മാണം

മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡ് റ്റി.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി അരിക്കമല കോളനിയിൽ വച്ച് പൈപ്പ് കമ്പോസ്റ്റ് നിർമ്മാണ ഡമോൺസ്ട്രേഷൻ സെമിനാർ സംഘടിപ്പിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം യു.പി., വാടി ടീം അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. രാസകീടനാശിനി മുക്തമായ പച്ചക്കറികൾ ഉൽപാദിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുകയാണ് മാസ്സ് പൈപ്പ് കമ്പോസ്റ്റ് നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## കാൻസർ ബോധവൽക്കരണ സെമിനാർ

മാസ്സ് റ്റി.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി പയ്യാവൂർ പാലയാട് കോളനിയിൽ വച്ച് കാൻസർ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ചന്ദനക്കാംപാറ പി.എച്ച്.സി., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീനിവാസൻ ജെ. ബോധവൽക്കരണ സെമിനാർ നയിച്ചു. സെമിനാറിൽ വിവിധ കോളനികളിൽ നിന്നായി 85 പേർ പങ്കെടുത്തു. പരിപാടികൾക്ക് മാസ്സ് വാടി ടീം അംഗങ്ങൽ നേതൃത്വം നല്കി.

## ക്നാനായ സ്റ്റാർസ് സെലക്ഷൻ ക്യാമ്പ്

ക്നാനായ സ്റ്റാർസ് പദ്ധതിയിലേയ്ക്ക് ക്നാനായ പ്രതിഭകളുടെ സെലക്ഷൻ ക്യാമ്പ് മലബാറിലെ വിവിധ ഭാഗങ്ങളിൽ നടക്കുന്നു. 8-ാം ക്ലാസിൽ പഠിക്കുന്ന ക്നാനായ കുട്ടികളിൽനിന്ന് 35 കുട്ടികളെ പുതിയ ബാച്ചിലേയ്ക്ക് തെരഞ്ഞെടുക്കുന്നതാണ്. സമുദായത്തെ കുറിച്ചുള്ള അറിവ്, ബൈബിൾ പരിജ്ഞാനം, പൊതുവിജ്ഞാനം, അക്കാദമിക് മികവ്,

കലാസാഹിത്യ അഭിരുചി, പേഴ്സണൽ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. മടമ്പം മേഖലയിലെ ക്യാമ്പ് ഒക്ടോബർ 3 നു ചമതച്ചാലിൽ വെച്ചും രാജപുരം മേഖലയിലെ ക്യാമ്പ് രാജപുരം ഹോളിഫാമിലി പാരിഷ് ഹാളിൽ വച്ച് ഒക്ടോബർ 25 നും നടന്നു. പെരിക്കല്ലൂർ മേഖല ക്യാമ്പ് നവംബർ 8 നു പാവന പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

## 'മകളറിയാൻ' സെമിനാർ

മാസ്സ് മലബാർ മേഖലയിലെ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വേണ്ടി 'മകളറിയാൻ' പരിപാടി സംഘടിപ്പിച്ചു. വിസിറ്റേഷൻ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ നടത്തിയ സെമിനാർ മലബാറിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു.

നവംബർ 1 ന് മടമ്പ മേരി ലാന്റ് ഹൈസ്കൂളിൽ വച്ചും, നവംബർ 3 ന് പയ്യാവൂർ പി.സി.ഡി.പി. ഹാളിൽ വച്ചും, നവംബർ 8 ന് രാജപുരം ഹോളി ഫാമിലി പാരീഷ് ഹാളിൽ വെച്ചുമാണ് സെമിനാർ നടത്തുന്നത്.

## ശുദ്ധജല വിതരണ പദ്ധതി ഉദ്ഘാടനം ചെയ്യുന്നു

മാസ്സ് സഹായസംഘടനയായി കതിരൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി ചുള്ളിയോട് ലക്ഷം വീട് ശുദ്ധജല വിതരണ പദ്ധതി, കുണ്ടുചിറ ശുദ്ധജല വിതരണ പദ്ധതി, പടിക്കലേറ്റി ശുദ്ധജല വിതരണ പദ്ധതി എന്നിവ നവംബർ 15നു കതിരൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് നടത്തുന്നതാണ്.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ 2014**

14 - ചൈതന്യയിൽ കൂടിയ അതിരൂപത വൈദിക സമിതി മീറ്റിംഗിൽ സംബന്ധിച്ചു.
- ബി.സി.എം. കോളേജിൽ പുതുതായി ആരംഭിച്ച കമ്മ്യൂണിറ്റി കോളേജ് ഉദ്ഘാടനം ചെയ്തു.

17 - അഭി. ചക്കാലയ്ക്കൽ പിതാവിന്റെ മാതാവ് ഔസോ മറിയംകുട്ടി ചക്കാലയുടെ നിര്യാണത്തെ തുടർന്ന് പരേതയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 - മിഷൻ ഞായറിനോടനുബന്ധിച്ച് എം.എസ്.പി. സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും മിഷൻ ഞായർ ആഘോഷങ്ങളിൽ സംബന്ധിക്കുകയും ചെയ്തു.

23 - കൂടല്ലൂർ ഇടവകാംഗം പരേതയായ മണ്ണാത്തുമാക്കിൽ അന്നക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.
- ചൈതന്യയിൽ കൂടിയ കമ്മീഷനുകളുടെ മീറ്റിംഗിൽ പങ്കെടുത്തു.

26 - കരിങ്കുന്നത്ത് പ്രായമായവരുടെ ഉന്നമനത്തിനു വേണ്ടി രൂപീകൃതമായ സാഗാ ട്രസ്റ്റിന്റെ ഉദ്ഘാടനമീറ്റിംഗിൽ സംബന്ധിച്ചു.

27 - മാങ്ങിടപ്പള്ളി ഇടവകാംഗം പരേതനായ ആക്കാത്തറ ജിമ്മിയുടെ മൃതസംസാകാര ശുശ്രൂഷകൾക്ക് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.
- വിസിറ്റേഷൻ സന്ന്യാസ സഭാംഗമായ സി. വിമലയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പാച്ചിറ പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

28 - എസ്.എച്ച്. മൗണ്ട് ഹയർ സെക്കന്ററി സ്കൂളിൽ നടത്തിയ ലഹരി വിരുദ്ധ സെമിനാർ ഉദ്ഘാടനം ചെയ്തു.

30 - തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ടിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

31 - കിടങ്ങൂർ ലിറ്റിൽ ലൂർദ് ഹോസ്പിറ്റലിൽ പുതുതായി ആരംഭിക്കുന്ന സ്കാൻ സെന്റർ വെഞ്ചരിച്ചു.

**നവംബർ**

1 - കുമരകത്ത് അഭി. ചൂളപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ശതാബ്ദിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
- ഇരവിമംഗലത്ത് പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പ് നടത്തി.

3-4 - ആലപ്പുഴയിൽ നടന്ന റീജണൽ മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

6 - ആലപ്പുഴയിൽ നടന്ന Batch gathering ൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**November**

8 - Bible Kalolsavam at Uzhavoor.
- Home day at St. Stanislaus Minor Seminary S.H. Mount.

10 - Blessing of the new Cathedral Church at Vazhathoppu, Idukki.

14 - Nilackal Trust Meeting at Kanjirapally.

22-27- To Rome for the Canonization of Blessed Kuriakose Elias Chavara nd Euphrasia.

29 - Sacredotal Golden Jubilee of Rev. Fr. Joseph Veliyamkulam at Maridom.
- KCBC celebration of the consolation of Blessed Kuriakose Elias Chavara and Euphrasia.

30 - Conclusion of Chaithanya Karshika Mela at Chaithanya

**December**

2 - Dialogue with Jacobites

4 - Dialogue with Orthodox

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഒക്ടോബർ 2014**

6 – ഓഷ്യാനാ ക്നാനായ കൺവൻഷൻ കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തി.

14 – ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദികസമിതി മീറ്റിംഗിൽ പങ്കെടുത്തു.
ഉച്ചകഴിഞ്ഞ് BCM കോളേജിൽ യു.ജി.സി. ധനസഹായത്തോടുകൂടി ആരംഭിച്ച കമ്മ്യൂണിറ്റി കോളേജിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

17 – ചക്കുപള്ളം പള്ളിയിൽ വി. കുർബാന അർപ്പിച്ച് സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്തു.

19 – പെരിക്കല്ലൂർ ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ച് മലബാർ റീജിയൺ വിശ്വാസ പരിശീലനവാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

22 – ചൈതന്യയിൽ വച്ചു നടത്തിയ കേരള കാത്തലിക് റ്റീച്ചേഴ്സ് ഗിൽഡ് മീറ്റിലെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു

23–28– ഛാന്ദാ രൂപതയുടെ മെത്രാൻ മാർ എപ്രേം നരികുളം മെത്രാന്റെ മെത്രാഭിഷേക കർമ്മത്തിൽ (24) പങ്കെടുത്തു. നാഗ്പൂർ, കാണ്ട്വാ, ഇൻഡോർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു.

30 – തലശ്ശേരി അതിരൂപതാദ്ധ്യക്ഷനായ അഭി. ജോർജ് ഞരളക്കാട്ട് പിതാവിന്റെ സ്ഥാനാരോഹണ കർമ്മത്തിലും സ്ഥാനമൊഴിഞ്ഞ അഭി. ജോർജ് വലിയമറ്റം പിതാവിനുള്ള യാത്രയയപ്പു സമ്മേളനത്തിലും പങ്കെടുത്തു.

**നവംബർ**

4 – രാജപുരം സ്കൂളിൽ വച്ച് നടന്ന കാസർഗോഡ് ജില്ലാ സ്കൂൾ കലോത്സവ ഉദ്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിച്ചു

4–5 – മലബാർ റീജിയൺ വൈദികരുടെ ദ്വൈമാസ ധ്യാനത്തിൽ പങ്കെടുത്തു.

# Engagements

## Mar Joseph Pandarasseril

**November**

8- Seminary day and sponsorís meet at Chaithanya

9 Holy Mass at Trivandrum

14-25 To New York and Florida, Thampa

26- 30 UAE Knanaya Sangamom at Al-ain

**December**

1 CEFAK meeting at Archbishopís House

# വചനദർശനം

## പള്ളിക്കൂദാശക്കാലം മൂന്നാം ഞായർ

**നവംബർ 16** **വി. യോഹന്നാൻ 2:13–22**

ഈശോ ജറുസലേം ദേവാലയം ശുദ്ധീകരിക്കുകയും തന്റെ ശരീരത്തെ ദേവാലയമായി പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ് വചനഭാഗം. ഈ സുവിശേഷഭാഗത്തിന് രണ്ട് അർത്ഥതലങ്ങൾ നൽകാനാകും. ഒന്നാമതായി ജറുസലേം ദേവാലയത്തോടനുബന്ധിച്ച് ബലി വസ്തുക്കളുടെ വിൽപനയിലും നാണയമാറ്റത്തിലും നടന്നിരുന്ന അനീതിക്കു നേരെയുള്ള യേശുവിന്റെ ശക്തമായ പ്രതികരണമാണ് നാമിവിടെ കാണുക. ദൈവാരാധനയ്ക്കുള്ള സ്ഥലമാണ് ദേവാലയം. യഥാർത്ഥ ആരാധന നടക്കേണ്ട ദേവാലയത്തിൽ അതിനു വിപരീതമായി നടക്കുന്ന പ്രവർത്തനങ്ങളെ യേശു ശക്തമായി വിമർശിക്കുന്നു. നമ്മുടെ ദേവാലയങ്ങളുടെ പരിശുദ്ധി കാത്തുസൂക്ഷിക്കുവാനുള്ള തീഷ്ണമായ ആഗ്രഹം ഓരോ ക്രൈസ്തവനും ഉണ്ടാകണം. ഇടവക ഒരു കുടുംബമാണ് കുടുംബാംഗങ്ങളെ പരസ്പരം സ്നേഹത്തിൽ ഒന്നിപ്പിച്ചു നിർത്തുന്നത് ഇടവക ദേവാലയവും അവിടെ നടക്കുന്ന ബലിയർപ്പണവുമാണ്. അതിനാൽ ദേവാലയത്തോടുബന്ധപ്പെട്ടു നടക്കുന്ന എല്ലാ ശുശ്രൂഷകളിലും കർമ്മങ്ങളിലും കച്ചവടമനോഭാവമോ ഭൗതിക താത്പര്യങ്ങളൊ കടന്നു കൂടാതെ ശ്രദ്ധിക്കണം. ദേവാലയവും ദേവാലയ പരിസരവും വിശുദ്ധമായി കാത്തുസൂക്ഷിക്കപ്പെടണം.

രണ്ടാമതായി, മനുഷ്യശരീരം ദൈവം വസിക്കുന്ന ദേവാലയത്തിന്റെ പ്രതീകമാണ്. വി. പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനം 3-ാം അദ്ധ്യായം 16 ഉം 17 ഉം വാക്യങ്ങൾ ഇപ്രകാരം പറയുന്നു. "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ. ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ് ആ ആലയം നിങ്ങൾ തന്നെ." മാമോദീസായിലൂടെ ദൈവമക്കളായി, ദൈവത്തിന്റെ ആലയമായി തീർന്ന ഓരോ ക്രൈസ്തവനും തന്റെ ശരീരമാകുന്ന ദൈവത്തിന്റെ ആലയത്തെ വിശുദ്ധിയിൽ കാത്തുസൂക്ഷിക്കുവാനുള്ള കടമയുണ്ട്. ദൈവാത്മാവിന്റെ ആലയമായ എന്റെ ശരീരവും മനസ്സും അഹങ്കാരവും ആഡംബരവും, കപടതയും ജഢികാസക്തികളുമാകുന്ന ഒരു വ്യാപാരശാലയായി മാറുമ്പോൾ എന്നിലെ ദൈവീക ചൈതന്യമാണ് നഷ്ടമാകുന്നതെന്ന വസ്തുത മറക്കാതിരിക്കാം.

## പള്ളിക്കൂദാശക്കാലം നാലാം ഞായർ

**നവംബർ 23** **വി. മത്തായി 22:41-46**

ഇന്ന് തിരുസഭാ മാതാവ് ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുകയാണ്. പ്രവചനങ്ങളുടേയും വാഗ്ദാനങ്ങളുടേയും പൂർത്തീകരണമായ മിശിഹാ ദൈവം ഇസ്രായേലിന് വാഗ്ദാനം ചെയ്ത രക്ഷയുടേയും പൂർത്തീകരണമാണ്. ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അയയ്ക്കപ്പെട്ട രക്ഷകൻ ഒരേസമയം പ്രവാചകനായിരുന്നു, രാജാവായിരുന്നു, പുരോഹിതനായിരുന്നു. ക്രിസ്തു ദാവീദിന് വാഗ്ദാനം ചെയ്ത പുത്രനാണെന്ന് വചനഭാഗം പഠിപ്പിക്കുന്നു. 2 സാമുവേൽ 7-ാം അദ്ധ്യായം 12 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ ദൈവം ദാവീദിന് ഒരു പുത്രനെ വാഗ്ദാനം ചെയ്യുന്നുണ്ട്. പുത്രന്റെ 4 പ്രത്യേകതകൾ ദൈവം ദാവീദിനെ ചൂണ്ടികാണിക്കുന്നുണ്ട്. അക്ഷരാർത്ഥത്തിൽ ഇത് ദാവീദിന് ജനിക്കാൻ പോകുന്ന മകനെകുറിച്ചാണെങ്കിലും ഈ പ്രവചനത്തിന്റെ പൂർത്തീകരണം വി. ലൂക്കായുടെ സുവിശേഷം 1-ാം അദ്ധ്യായം 28 മുതലുള്ള വാക്യത്തിൽ നാം കാണുന്നുണ്ട്. ഇവിടെ രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് നാം കാണുന്നത്. ദൂതൻ 3 അടയാളങ്ങൾ മറിയത്തിന് നൽകുന്നു. 1) അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും (1:32). 2)

അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും (1:32). 3) അവന്റെ രാജ്യത്തിന് അവസാനമുണ്ടായിരിക്കുകയില്ല.

ദൈവം ദാവീദിന് വാഗ്ദാനം ചെയ്ത 4 കാര്യങ്ങളും മിശിഹായിൽ പൂർത്തിയായി. മിശിഹാ ദേവാലയം പണിയുന്നില്ല പക്ഷെ തന്റെ ശരീരത്തെ ദേവാലയമായി അവൻ പ്രഖ്യാപിക്കുന്നുണ്ട്. സുവിശേഷത്തിലേക്ക് കടന്നുവരുമ്പോൾ താൻ പിതാവായ ദൈവം ദാവീദിന് വാഗ്ദാനം ചെയ്ത പുത്രനാണെന്നും അങ്ങനെ പ്രവചനങ്ങളെല്ലാം തന്നിലൂടെ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു എന്നുമുള്ള സത്യം യേശു പ്രഖ്യാപിക്കുകയും ചെയ്യുകയാണ്.

## മംഗലവാർത്താക്കാലം ഒന്നാം ഞായർ

**നവംബർ 30** **വി. ലൂക്കാ 1:5–25**

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്. ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിച്ച് വിശ്വസ്തതയിൽ ജീവിച്ചാൽ നിന്റെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും നീ പ്രതീക്ഷിക്കാത്ത സമയത്ത് ദൈവീക ഇടപെടലുകൾ ഉണ്ടാവുകയും നിന്റെ ജീവിതം അനുഗ്രഹിക്കപ്പെടുകയും ചെയ്യുമെന്ന വലിയ സന്ദേശമാണ് ഇന്നത്തെ തിരുവചന ഭാഗം നമുക്ക് നൽകുന്നത്. സഖറിയായും ഭാര്യ എലിസബത്തും ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. (1:6) ദൈവസന്നിധിയിൽ ഇത്രമാത്രം വിശുദ്ധിയോടെ ജീവിച്ചിട്ടും മക്കളില്ല എന്ന വലിയ സഹനം ദൈവം അവർക്കു നൽകി. വചനം തുടർന്ന് പറയുന്നു "എലിസബത്ത് വന്ധ്യയായിരുന്നു. ഇരുവരും പ്രായം കഴിഞ്ഞവരുമായിരുന്നു (1:7) മാനുഷികമായി ചിന്തിച്ചാൽ ഇനിയവർക്ക് മക്കളുണ്ടാകാൻ യാതൊരു സാധ്യതയുമില്ല. പക്ഷെ മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാകുമെന്ന് യോഹന്നാന്റെ ജനനം സാക്ഷ്യപ്പെടുത്തി. സഖറിയാ ധൂപാർപ്പണം നടത്തികൊണ്ടിരുന്ന സമയത്താണ് ദൂതൻ പ്രത്യക്ഷപ്പെടുന്നത്. ദൂതനെ കണ്ട് സഖറിയാ അസ്വസ്ഥനാകുകയും ഭയപ്പെടുകയും ചെയ്തു മാത്രമല്ല പുത്രൻ ജനിക്കുമെന്ന ദൂതന്റെ വാക്കുകളെ അവിശ്വസിക്കുകയും ചെയ്തു. സഖറിയാ ഒരു പുരോഹിതനാണ്. വി. ഗ്രന്ഥം പഠിച്ചിരിക്കേണ്ടവൻ. വൃദ്ധനായ തനിക്ക് ഇത് എങ്ങനെ വിശ്വസിക്കാനാകും എന്ന ചോദ്യം സഖറിയാ ചോദിക്കാൻ

പാടില്ലാത്തതാണ്. എന്നെ നയിക്കുന്ന എന്റെ കൂടെയുള്ള ദൈവത്തിന്റ കരമാണ് എന്നിൽ പ്രവർത്തിക്കുന്നത് എന്ന ചിന്തയുണ്ടായാൽ അഹങ്കരിക്കാനോ നിരാശപ്പെടാനോ സാധിക്കുകയില്ല. ദൈവത്തോട് കൂടുതൽ അടുക്കുമ്പോൾ അത്രമാത്രം എളിമപ്പെടാനും ദൈവാശ്രയത്തിൽ വളരുവാനും സാധിക്കണം. അയോഗ്യതകളെക്കുറിച്ചും ബലഹീനതകളെക്കുറിച്ചും ബോധ്യമുണ്ടാകണം. എന്നാൽ നിരാശരാകാതെ ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയിൽ സംശയമില്ലാതെ ജീവിക്കണമെന്ന സഖറിയായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ അദൃശ്യമായ പരിപാലനയിൽ സഖറിയ ഒരു നിമിഷം പതറിയതുപോലെ അനുദിന ജീവിതത്തിൽ നാം ഓരോരുത്തരും പതറിപ്പോകാറുണ്ട്. ദൈവം ചേർത്തു നിർത്തിയവരുടെ വിശ്വാസ ജീവിതത്തിൽ പ്രത്യാശ അസ്തമിക്കുന്നില്ല.

**ബ്ര. ജിബിൻ മണലോടിയിൽ**

# വാർത്തകൾ

## തിരുനാൾ ദിനങ്ങൾ പ്രഖ്യാപിച്ചു

വത്തിക്കാൻ: വി. ജോൺ 23-ാമൻ മാർപാപ്പായുടെ തിരുനാൾ ഒക്ടോബർ 11 നും വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുനാൾ ഒക്ടോബർ 22 നും ആഘോഷിക്കേണ്ടതാണെന്ന് വത്തിക്കാന്റെ ഔദ്യോഗിക അറിയിപ്പ്. ദൈവാരാധനയ്ക്കും കൂദാശ അനുഷ്ഠാനത്തിനുമുള്ള തിരുസംഘമാണ് ഇതു സംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചത്. 2014 ഏപ്രിൽ 27 നാണ് ഇരുവരെയുമൊരുമിച്ച് പോപ്പ് എമെരിത്തുസ് ബനഡിക്റ്റ് 16-ാമന്റെ സാന്നിദ്ധ്യത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചത്.

## സ്വവർഗാനുരാഗികളുടെ ഒരുമിച്ചു താമസത്തെ സഭ വിവാഹബന്ധമായി കാണുന്നില്ല: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: ഒരേ ലിംഗത്തിൽപ്പെട്ടവർ ഒരുമിച്ചു താമസിക്കുന്നത് വിവാഹബന്ധമായി കാണാനാവില്ലെന്നുതന്നെയാണ് സഭയുടെ വീക്ഷണമെന്ന് സീറോ മലബാർ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ നടന്ന മെത്രാന്മാരുടെ

അസാധാരണ സിനഡിൽ പങ്കെടുത്തു മടങ്ങിയെത്തിയ ശേഷം എറണാകുളം മേജർ ആർച്ചു ബിഷപ്പ് ഹൗസിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുടുംബങ്ങൾ സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകങ്ങളാണ്. കുടുംബങ്ങളുടെ ആരോഗ്യകരമായ നിലനില്പ്പിനു വലിയ പ്രാധാന്യമുണ്ട്. ഈ പശ്ചാത്തലത്തിലാണ് കുടുംബങ്ങളെക്കുറിച്ചു പ്രത്യേകമായി ചർച്ച ചെയ്യാൻ മാർപാപ്പ അസാധാരണ സിനഡ് വിളിച്ചു ചേർത്തത്. സ്വവർഗാനുരാഗം സംബന്ധിച്ച വിഷയത്തിൽ സഭയുടെ നിലപാട് വ്യക്തമാണ്. ഇക്കൂട്ടരുടെ സൗഹൃദങ്ങളോ ഒരുമിച്ചു താമസമോ വിവാഹബന്ധമായി സഭ ഒരിക്കലും കാണുന്നില്ല. എന്നാൽ അവരെ പാടെ ഉപേക്ഷിക്കാതെ അവരോട് കാരുണ്യത്തിന്റെ സമീപനമാണ് വേണ്ടതെന്ന് സിനഡ് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യങ്ങളിൽ 2015 ഒക്ടോബർ 4 മുതൽ 25 വരെ നടക്കുന്ന സാധാരണ സിനഡിനു മുമ്പ് വിവിധ തലങ്ങളിൽ പഠനങ്ങളും ചർച്ചകളും നടക്കും. സ്വവർഗാനുരാഗികളുടെ വിവാഹബന്ധം, വിവാഹമോചനം നേടിയവരുടെ കൂദാശസ്വീകരണം, ആത്മീയമായ ദിവ്യകാരുണ്യ സ്വീകരണം തുടങ്ങിയ വിഷയങ്ങളിൽ സാധാരണ സിനഡ് കൂടുതൽ വ്യക്തമായ തീരുമാനങ്ങളെടുക്കുമെന്നും കർദ്ദിനാൾ മാർ ആലഞ്ചേരി അറിയിച്ചു.

## ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയം: രാഷ്ട്രപതി

കൃഷ്ണനഗർ: ക്രിസ്ത്യൻ മിഷനറിമാരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ ഭാരതത്തിന്റെ നാനാവിധത്തിലുള്ള വളർച്ചയ്ക്ക് കാരണമായെന്ന് രാഷ്ട്രപതി പ്രണബ് മുഖർജി. കൃഷ്ണനഗർ രൂപതയിലെ പാൽസന്ദാ ഇടവകയിൽ ആരംഭിക്കുന്ന ആശുപത്രിയുടെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു. രാഷ്ട്രപതി ഇന്ത്യയിലെ ജനസംഖ്യയുടെ എട്ടരശതമാനം ഗോത്രവർഗ്ഗക്കാരാണ്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി തുടങ്ങിയ മേഖലകളിൽ ഏറെ പിന്നിലായ ഈ വിഭാഗങ്ങളുടെ പുരോഗതിക്കായി പല പദ്ധതികളിലും പണം നീക്കിവച്ചിരുന്നെങ്കിലും അർഹരായവരുടെ കരങ്ങളിൽ എത്തിയില്ല. പഞ്ചവത്സര പദ്ധതികൾ പോലും ഇക്കാര്യത്തിൽ പരാജയപ്പെടുകയാണുണ്ടായത് എല്ലാവരും ഉപേക്ഷിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഗോത്രവർഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള മിഷണറിമാരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് പ്രണബ് മുഖർജി പറഞ്ഞു.

## വി. ഫ്രാൻസിസ് സേവ്യറുടെ ഭൗതികശരീരം പൊതുവണക്കത്തിന്

പനാജി: വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ ഭൗതിക ശരീരം നവംബർ 22 മുതൽ 2015 ജനുവരി 4 വരെ പൊതുവണക്കത്തിന് വയ്ക്കുന്നു. പനാജിയിൽ നിന്ന് 10 കിലോമീറ്റർ അകലെ പഴയ ഗോവയിലെ ബോം ജീസസ് ദേവാലയത്തിലാണ് വി. ഫ്രാൻസിസ് സേവ്യറുടെ ഭൗതിക ശരീരം സൂക്ഷിക്കപ്പെട്ടിട്ടുള്ളത്. പത്തു വർഷം കൂടുമ്പോൾ നടക്കുന്ന ഈ ചടങ്ങ് കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റ് രാജ്യത്തെ സവിശേഷ സംഭവങ്ങളുടെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. വിദേശികളടക്കം 50 ലക്ഷം തീർത്ഥാടകരെയാണ് വിശുദ്ധന്റെ ഭൗതിക ശരീരം വണങ്ങുന്നതിനായി പൊതുദർശന ദിവസങ്ങളിൽ പ്രതീക്ഷിക്കുന്നത്.

## ഇറാക്കിലെ ക്രിസ്ത്യാനികളുടെ സ്ഥിതി അതിദയനീയം

ബാഗ്ദാദ്: ആദ്യകാല സഭയുടെ ഈറ്റില്ലമായ നിനിവെ-ബാഗ്ദാദ് പ്രദേശങ്ങളിൽ നിന്ന് ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ ക്രൈസ്തവരെ ഉന്മൂലനം ചെയ്യുന്ന കിരാത നടപടിക്ക് അറുതിയില്ലാതായിരിക്കുന്നു. ഇറാക്കിലെ ക്രിസ്ത്യാനികൾക്ക് സ്വന്തമായതെല്ലാം നഷ്ടപ്പെട്ട സ്ഥിതിയാണ്. ദേവാലയങ്ങൾ പലതും ഭീകരർ തകർത്തു കഴിഞ്ഞു. ശേഷിച്ചവ മുസ്ലീം പള്ളികളായി മാറ്റി. വിവിധ സ്ഥലങ്ങളിലേയ്ക്ക് പലായനം ചെയ്തവർക്ക് പറയാൻ ദുരന്തങ്ങളുടെ കഥകൾ. അമേരിക്കയുടെയും സഖ്യകക്ഷികളുടെയും വ്യോമാക്രമങ്ങൾ വഴി ചില സ്ഥലങ്ങൾ ഇറാക്കിനു തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഐ.സി.എസ്. ഭീകരർ ഏതു നിമിഷവും ബാഗ്ദാദിനെ കീഴടക്കാവുന്ന സ്ഥിതിയിലാണ്. പലായനം ചെയ്യുവാൻ കഴിയാത്ത ക്രൈസ്തവരെ ഇസ്ലാം മത തീവ്രവാദികൾ കഴുത്തറുത്തും വെടിവച്ചും കൊല്ലുകയാണ്. ഇറാക്കിൽ ക്രിസ്ത്യാനികളുടെ എണ്ണം ഒരിക്കൽ 15 ലക്ഷത്തോളമായിരുന്നെങ്കിൽ ഇപ്പോൾ അത് മൂന്ന ലക്ഷത്തോളമായി ചുരുങ്ങിയിരിക്കുന്നതായി വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇറാക്കിലെ ക്രിസ്ത്യാനികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഏകമനസോടെ ഏറ്റെടുത്തു കഴിഞ്ഞു.